*fullfilling the great commission...*

THE SOUL WINNER

For Private Circulation Only

# ദി സോൾ വിന്നർ

വാർത്താ പത്രിക
അക്ഷരം
ആത്മരക്ഷയ്ക്ക്

VOLUME 1 • ISSUE 4 • OCTOBER 2013

## നവാപൂർ കൺവൻഷൻ നവംബർ 13-17 വരെ



നവാപൂർ: ഉത്തര ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ നവാപൂർ കൺവൻഷൻ നവംബർ 13-17 വരെ മഹാരാഷ്ട്രയിലെ നവാപൂരിനു സമീപമുള്ള കരഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

പാസ്റ്റർ കെ. സി. ജോൺ, റവ. എസ്. ആർ. മനോഹർ, റ്റിനു ജോർജ് എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. ഡോ. പോൾ മാത്യു (നാഷണൽ ഓവർസിയർ) റവ. കെ. വി. ഏബ്രഹാം (വൈസ് പ്രസിഡന്റ്), റവ. കെ. ഒ. വർഗീസ് (ജനറൽ സെക്രട്ടറി), സിസ്റ്റർ മേരി മാത്യൂസ്, റവ. ഫിന്നി ഫിലപ്പ്, തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. സിസ്റ്റർ സംഗീത നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവഷനോടുബന്ധിച്ച് ശുശ്രൂഷക സമ്മേളനം ഫിലദിൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യൂ തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. വിവിധ ഗോത്രങ്ങളിൽ നിന്നും ഭാഷകളിൽ നിന്നുമായി പതിനായിരങ്ങൾ പങ്കെടുക്കുന്നു ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ആയിരത്തിൽ അധികം സഭകൾ ഫിലദൽഫിയ ഫെലോഷിപ്പിനുണ്ട്.

## മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്: മദ്യ, പുകയില നിരോധനം പിൻവലിച്ചു

ചിക്കാഗോ: ഇവാൻജലിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് 600-ാളം വരുന്ന തങ്ങളുടെ സ്റ്റാഫിന് ഏർപ്പെടുത്തിയിരുന്ന മദ്യത്തിന്റെയും പുകയില ഉത്പന്നങ്ങളുടെയും നിരോധനം പിൻവലിച്ചു.

പാരിസ്ഥിതിക മൂല്യങ്ങളും സമൂഹ നന്മയും ലക്ഷ്യമാക്കിയുള്ള ഏതൊരു നിയമവും നാം അംഗീകരിക്കേണ്ടതാണെങ്കിലും, അടിച്ചേൽപ്പിക്കുന്ന ഇത്തരം നിയമങ്ങൾ നടപ്പിലാക്കേണ്ടതില്ലെന്നാണ് ബന്ധപ്പെട്ടവർ അറിയിച്ചത്. കാരണം മദ്യപാനം, പുകയില എന്നിവയുടെ ഉപയോഗം സംബന്ധിച്ച് ബൈബിൾ മൗനം പാലിക്കുന്നതായാണ് ഇൻസ്റ്റിറ്റ്യൂട്ട് വിലയിരുത്തുന്നത്. ഇത്തരം വിഷയങ്ങളിൽ സഭ നിർബന്ധം പിടിക്കേണ്ടതില്ല എന്നാണ് മൂഡി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വക്താവ് ക്രിസ്തീൻ ഗോർഡ് പ്രസ്താവിച്ചത്.

## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ 2014 ജനുവരി 21 മുതൽ 26 വരെ

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ജനറൽ കൺവൻഷൻ 2014 ജനുവരി 21 മുതൽ 26 വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ നടക്കും. ജനുവരി 21 ചൊവ്വ വൈകിട്ട് 6 ന് സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. ശാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 21 മുതൽ 25 വരെ വൈകുന്നേരം 6 മുതൽ 9 വരെ പൊതുസമ്മേളനം നടക്കും. വിവിധ ദിവസങ്ങളിലായി പാസ്റ്റേഴ്സ് സെമിനാർ, മിഷൻ സെമിനാർ, വനിതാ സമ്മേളനം, സൺഡേ സ്കൂൾ സമ്മേളനം, യുവജന സമ്മേളനം തുടങ്ങിയവ നടക്കുന്നതാണ്. 26 ഞായറാഴ്ച നടക്കുന്ന പൊതുസഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനുവേണ്ടി പാസ്റ്റർ രാജൻ എബ്രഹാം ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു.

## ഐ.പി.സി. ഇന്റർനാഷണൽ ബിൽഡിംഗ് നിർമ്മാണം തുടങ്ങി



കുമ്പനാട്: ഇന്ത്യാ പെന്തെക്കൊസ്ത് ദൈവസഭ ഇന്റർനാഷണൽ ബിൽഡിംഗ് സമുച്ചയത്തിലെ ഓഡിറ്റോറിയത്തിന്റെയും കൺവൻഷൻ സ്റ്റേജിന്റെയും നിർമ്മാണ ഉദ്ഘാടനം നടത്തി. ഇതോടനുബന്ധിച്ച് 4000 പേർക്ക് ഇരിക്കാവുന്ന ശിതീകരിച്ച ഓഡിറ്റോറിയവും പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള പ്രത്യേക ഡോർമിറ്ററിയും പ്രാർത്ഥനാ ഗോപുരവും നിർമ്മിക്കുന്നുണ്ട്. പഴയ സ്റ്റേജിന് പിന്നിലായി 300 പേർക്കിരിക്കാവുന്ന കൺവൻഷൻ സ്റ്റേജാണ് ആദ്യം നിർമ്മിക്കുന്നത്. 20 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നടത്തുന്നത്. നിർമ്മാണ പ്രവർത്തങ്ങളുടെ ഉദ്ഘാടനം സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ. സി. ജോൺ എന്നിവർ ചേർന്ന് നിർവഹിച്ചു.

## സെയ്ഡിന് വേണ്ടി ഡോ. ബില്ലി ഗ്രഹാം



അമേരിക്ക: സെപ്തംബർ 28ന് ഒരു വർഷം പൂർത്തിയാക്കിയ ഇറാൻ ജയിലിൽ കഴിയുന്ന സുവിശേഷകൻ സെയ്ഡിന്റെ മോചനം ആവശ്യപ്പെട്ടുകൊണ്ട് സുപ്രസിദ്ധ സുവിശേഷകൻ ഡോ. ബില്ലി ഗ്രഹാം (93). 80 ഓളം വരുന്ന രാഷ്ട്രീയ തടവുകാരെ വിട്ടയച്ച ഇറാൻ നടപടിയിൽ തൃപ്തി പ്രകടിപ്പിച്ച ബില്ലി ഗ്രഹാം സെയ്ഡിന്റെ വിമോചന വിഷയത്തിൽ ഉത്കണ്ഠ രേഖപ്പെടുത്തി.

സെയ്ഡിനൊപ്പം ജയിലിൽ കഴിഞ്ഞിരുന്ന മിത്ര രാഹ്ണി, മറിയം ജലീൽ എന്നീ തടവുകാരെയും അടുത്ത സമയത്ത് ഇറാൻ മോചിപ്പിച്ചിരുന്നു. വേൾഡ് വാച്ച് മോനിട്ടറി റിപ്പോർട്ട് അനുസരിച്ച് അമേരിക്കയിൽ റൂഹാനിയുടെ ചർച്ചിൽ 20 ഓളം വരുന്ന ക്രൈസ്തവരെ വീണ്ടും അറസ്റ്റ് ചെയ്ത് ഇറാൻ ജയിലിൽ പാർപ്പിച്ചിരിക്കുന്നു. അവരിൽ പാസ്റ്റർ ബെൻഹാം ഇറാനി ക്രിസ്ത്യാനിത്വത്തെ തള്ളിപ്പറയാത്ത പക്ഷം നാല് വർഷം അധികം ജയിലിൽ കഴിയേണമെന്നാണ് ജഡ്ജ്മെന്റിൽ പറയുന്നത്.

സെയ്ഡിന്റെ മോചനം യഥാർത്ഥ്യമാക്കുന്നതിലൂടെ കേവലം അമേരിക്കൻ പൗരൻമാരോടുള്ള നിലപാട് മാറ്റം മാത്രമല്ല, അമേരിക്കൻ നേതൃത്വത്തോടുമുള്ള നിലപാടുകൾക്കുമാണ് മാറ്റം വരുന്നതെന്ന് ബില്ലിഗ്രഹാം സൂചിപ്പിച്ചു. അമേരിക്കൻ വൈറ്റ് ഹൗസിൽ ജോൺ കെറിയുമൊത്താണ് ഡോ. ബില്ലി ഗ്രഹാം ഇതേ കുറിച്ച് പ്രതികരിച്ചത്.

ന്യൂയോർക്കിൽ യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലിയിൽ പങ്കെടുക്കാൻ എത്തിയ ഇറാൻ പ്രസിഡന്റിനെ ജയിലിൽ കഴിയുന്ന പാസ്റ്ററുടെ സഹധർമ്മിണി നേരിൽ കണ്ട് നിവേദനം നൽകാൻ ശ്രമിച്ചിരുന്നു. അമേരിക്കയിലെയും ഇറാനിലെയും പൗരത്വമുള്ള സെയ്ഡിനെ നിയമവിധേയമല്ലാത്ത കുറ്റം ചുമത്തിയാണ് ജയിലിൽ അടച്ചിരിക്കുന്നത്.

## ആർ. എഫ്. കുക്ക് അന്തർദേശീയ കോൺഫ്രൻസ് 2013 ഒക്ടോബർ 21 മുതൽ 27 വരെ

റോബർട്ട് എഫ്. കുക്കിന്റെ ഭാരത ആഗമന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2013 ഒക്ടോബർ 21 തിങ്കൾ മുതൽ 27 ഞായർ വരെ അന്തർദേശീയ കോൺഫ്രൻസ ്മുളക്കുഴ സീയോൻ കുന്നിൽ നടക്കും.

ആഘോഷ പ്രോഗ്രാമുകളുടെ ഭാഗമായ ഏറ്റവും വലിയ ഈ കോൺഫ്രൻസ്, കുക്കു സായിപ്പ് വന്നു പാർക്കുകയും തന്റെ പ്രവർത്തനങ്ങളുടെ കേന്ദ്ര ആസ്ഥാനമായി സീയോൻ കുന്നിനെ മാറ്റുകയും ചെയ്തതിനാലാണ് കോൺഫ്രൻസ് വേദിയായി സീയോൻ കുന്നിനെ തെരഞ്ഞെടുത്തത്. ചർച്ച് ഓഫ് ഗോഡിന്റെ ഏഷ്യാ പെസഫിക് മേഖലയിലെ ഏറ്റവും വലിയ ഗ്രൂപ്പായ കേരളത്തിലെ ചർച്ച് ഓഫ് ഗോഡ് സഭകൾക്കു ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമാണ് ഈ കോൺഫ്രൻസ്.

21 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ നടക്കുന്ന പൊതു സമ്മേളനത്തിൽ ബഹുമാന്യനായ കേരളാ ഗവർണർ ശ്രീ നിഖിൽ കുമാർ കോൺഫ്രൻസ് ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി, മന്ത്രിമാർ, എം.പിമാർ, എം. എൽ.എ മാർ, തുടങ്ങി ജനപ്രതിനിധികളും സാമൂഹ്യ, സാംസ്കാരിക പ്രവർത്തകരും, പെന്തക്കോസ്തു സഭാ നേതാക്കന്മാരും, മാധ്യമ പ്രവർത്തകരും ശുശ്രൂഷകന്മാരും, വിദേശത്തു നിന്നും സ്വദേശത്തു നിന്നുള്ള വിശ്വാസി സമൂഹവും പങ്കെടുക്കും. വൈകുന്നേരം 6 മുതൽ നടക്കുന്ന രാത്രി യോഗത്തിൽ കോൺഫ്രൻസ് ദൈവ നാമം മഹത്വത്തിനായ് സമർപ്പിക്കും. ചൊവ്വാ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ 1 മണി വരെയും, 2 മുതൽ 4 മണി വരെയും 3 സെക്ഷനുകളായി തിരിച്ച് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും സെമിനാറുകളും നടത്തും.

വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലെ യോഗങ്ങൾ കേരളത്തിലെ എല്ലാ സഭകളും ചേർന്ന് നടത്തുന്ന കൺവൻഷനായിരിക്കും. 27 ഞായറാഴ്ച സംയുക്ത സഭായോഗത്തോടെ കോൺഫ്രൻസ് സമാപിക്കും.



എഡിറ്റോറിയൽ

# താങ്കൾ ഒരു പ്രധാനപ്പെട്ട വ്യക്തിയാണ്

ദൈവത്തെ സംബന്ധിച്ചിടത്തോളം താങ്കൾ ദരിദ്രനെന്നോ, ധനികനെന്നോ, വിദ്യാഹീനനെന്നോ, യൗവനക്കാരനെന്നോ പ്രായമുള്ളവനെന്നോ ഒരു വ്യത്യാസവുമില്ല. മറ്റെന്തിനെക്കാളും താങ്കൾ ദൈവത്തിന് ഏറെ പ്രധാനപ്പെട്ടവനാണ്. കാരണം ദൈവം സൃഷ്ടിച്ചതിനെയെല്ലാം നല്ലതെന്നും ഭംഗിയുള്ളതെന്നും കണ്ടു. തന്മൂലം ജീവിതം ഏറെ ആസ്വാദ്യകരമായിത്തീരാൻ ദൈവഹിതപ്രകാരം ജീവിതം നയിക്കേണ്ടത് ആവശ്യമാണ്.

പാപത്താൽ ഉപദ്രവിക്കപ്പെടുന്നതും രോഗം ഉൾപ്പെടെയുള്ള മറ്റെല്ലാ ശാരീരിക പീഡനങ്ങളും (ഇതെല്ലാം മരണത്തിലേക്ക് നയിക്കുന്നതാണ്) നിമിത്തം കഷ്ടപ്പെടുന്ന താങ്കൾക്ക് വേണ്ടിയുള്ള ദൈവത്തിന്റെ കാര്യപരിപാടി ഏറെ ശ്രേഷ്ഠതയുള്ളതാണ്. ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ മാനവരാശിയുടെ മുഴുവൻ പാപപരിഹാരത്തിനുവേണ്ടി കാൽവറിയിൽ പരമയാഗമാക്കുകയും മരണത്തിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ച് അനന്തമായ നിത്യതയിലേക്ക് എത്തിക്കുകയും ചെയ്യും.

നമുക്ക് സ്വഭാവികമായും ചോദിക്കാവുന്ന ഒരു ചോദ്യമുണ്ട്. ഇതിനെക്കാൾ സുന്ദരമായ ഒരു ജീവിതം ഉണ്ടാകുമോ? സുഖവും ദുഃഖവും സമ്മിശ്രമായ് പോകുന്നതാണ് ഇന്നത്തെ ജീവിതം. എന്നാൽ സുഖവും സന്തോഷവും ആരോഗ്യവും ആസ്വാദനവും രുചിയും മാത്രമുള്ള ഒരു ലോകം!

ഒരിക്കലും അത് സാധ്യമാകുകയില്ല എന്നായിരിക്കാം മറുപടി. സാധിച്ചാൽ അത് അത്ഭുതംതന്നെ. തീർച്ചയായും അങ്ങനെ ഒരു ജീവിതം സാധ്യമാണ്. ആ സാധ്യതകളാണ് സുവിശേഷം പരിചയപ്പെടുത്തുന്നത്. ഇന്ന് ലഭ്യമാകുന്ന ഏതൊരു ദൈവിക ദാനത്തെക്കാളും ശ്രേഷ്ഠമായതൊന്ന് ദൈവത്തിന്റെ പക്കലുണ്ട്. അത് വിലമതിക്കാൻ പറ്റാത്തതും പണം കൊണ്ട് നേടാൻ സാധിക്കുന്നതുമല്ല. അത് സാധ്യമാകാൻ താങ്കൾ ചെയ്യേണ്ടത് പാപജീവിതത്തിൽ നിന്നും യേശുക്രിസ്തുവിലേക്കുള്ള ഒരു മാനസാന്തരം മാത്രമാണ്. യേശുവിന്റെ പാദപീഠയുള്ള സമർപ്പണവും ക്രിസ്തുവിനെ ജീവിതത്തിന്റെ രക്ഷിതാവും രാജാവുമായി അംഗീകരിക്കുക എന്നത് മാത്രമാണ്. കാരണം ക്രിസ്തു മരണത്തിൽ നിന്നു രക്ഷിക്കുകയും നിത്യജീവൻ നൽകുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ കല്പനകളും വചനവും അംഗീകരിച്ചുകൊണ്ട് മാതൃകാപരമായ ജീവിതം നയിച്ച് അവനെ സേവിക്കുകയും ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുക. അങ്ങനെ സുവിശേഷവുമായി നമ്മുടെ ജീവിതം താദാത്മ്യം പ്രാപിക്കുന്നു.

എപ്പോഴാണ് ഈ നിലവാരത്തിലേക്ക് മാറുന്നത് അപ്പോൾ മുതൽ താങ്കൾ ദൈവത്തിന് ഏറെ പ്രധാനപ്പെട്ടവനാകും. ഇതിലൂടെ ദൈവത്തിന്റെ മകനോ, മകളോ ആയിത്തീരുന്നതിലൂടെ ദൈവത്തിന്റെ കുടുംബാംഗമായിത്തീരും. ഇതേക്കുറിച്ച് അപ്പൊസ്തലനായ യോഹന്നാൻ പറയുന്നത് മനസിലാക്കുക. ശ്രദ്ധിക്കുവിൻ! ദൈവം നമുക്ക് ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. സ്നേഹിതരേ നാം ഇപ്പോൾ ദൈവമക്കൾ ആണ് (1 യോഹ. 3:1,2) ആത്മാവും നമ്മോടു തന്നെ സാക്ഷ്യപ്പെടുത്തുന്നു നാം ദൈവമക്കളെന്ന് (റോമ. 8:16). ഇതിൽ ഉപരി നാം ദൈവത്തിന് പ്രിയപ്പെട്ടവരെന്ന്, പ്രധാനപ്പെട്ടവരെന്ന് അറിയാൻ എന്ത് അറിയണം.

പ്രിയരേ ദൈവം താങ്കളെ സ്നേഹിക്കുന്നു. തന്റെ സ്നേഹം നിത്യതയിൽ ആരംഭിച്ച് ഇന്നും തുടരുന്നതാണ്. അവനിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ ലഭ്യമാകേണ്ടതിന് അവൻ ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). ദൈവം താങ്കളെ വിളിക്കുന്നു. ഈ ഒരു കാരണംകൊണ്ട് മാത്രം താങ്കൾ ദൈവത്തിങ്കലേക്ക് തിരിയേണ്ടതാണ്.

റവ. കെ. ജി. ഈശോ

# പള്ളിയിൽചാവേർ ആക്രമണം; 78 മരണം

പെഷാവർ: ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിനുനേരെ പാക്കിസ്ഥാന്റെ ചരിത്രത്തിൽ ആദ്യമായി നടന്ന അതിഭീകരമായ താലിബാൻ ചാവേർ ആക്രണത്തിൽ സ്ത്രീകളും കുട്ടികളും അടക്കം 78 പേർ കൊല്ലപ്പെട്ടു. 130 പേർക്കു പരുക്കേറ്റു. പെഷാവാറിലെ കൊഹാതി ഗേറ്റ് മേഖലയിലെ ചരിത്ര പ്രസിദ്ധമായ ഓൾ സെയ്ന്റ്സ് പള്ളിയിലാണ് ആക്രമണം നടന്നത്. 130 വർഷം പഴക്കമുള്ള പള്ളിയിൽ നിന്നു ഞായറാഴ്ച കുർബാനയ്ക്കു ശേഷം പുറത്തുവരുകയായിരുന്ന വിശ്വാസികളാണ് ആക്രമണത്തിന് ഇരയായത്. വിശ്വാസികളുടെ ഇടയിൽ സ്ഥാനം പിടിച്ച ചാവേറുകൾ സ്വന്തം ശരീരത്തിൽ സൂക്ഷിച്ചിരുന്ന സ്ഫോടക വസ്തുക്കൾ പൊട്ടിക്കുകയായിരുന്നെന്നു പോലീസ് പറഞ്ഞു.

കൊല്ലപ്പെട്ടവരിൽ 30 സ്ത്രീകളും മൂന്നിനും എട്ടിനും മധ്യേ പ്രായമുള്ള ഏഴു കുട്ടികളും പോലീസുകാരനും ഉൾപ്പെടുന്നു. അക്രമണസമയത്ത് എഴുന്നൂറോളം ആളുകൾ പള്ളിക്കുള്ളിലുണ്ടായിരുന്നു. ശക്തമായ പൊട്ടിത്തെറിയിൽ സമീപത്തെ കെട്ടിടങ്ങളും തകർന്നു.

ആക്രമണത്തിന്റെ ഉത്തരവാദിത്തം തെഹ്രികെ താലിബാൻ പാക്കിസ്ഥാന്റെ ഒരു വിഭാഗമായ ജൻദുല്ല ഗ്രൂപ്പ് ഏറ്റെടുത്തു. പൈലറ്റില്ലാ വിമാനത്തിൽ നിന്നുള്ള യുഎസ് ആക്രമണത്തിനു പ്രതികാരമായാണ് ഇതു ചെയ്തതെന്നു അവർ പറഞ്ഞു. പൈലറ്റില്ലാ വിമാനത്തിൽ നിന്നുള്ള ആക്രമണം നിർത്തിയില്ലെങ്കിൽ സൗകര്യം കിട്ടുമ്പോഴെല്ലാം മുസ്ലീമുകളല്ലാത്തവരെ ആക്രമിക്കുമെന്ന് ജൻദുല്ല ഗ്രൂപ്പിന്റെ



വക്താവ് അഹമ്മദ് മാർവത് പറഞ്ഞു.

ആക്രമണത്തെ രാജ്യത്തെമ്പാടുമുള്ള ക്രൈസ്തവർ അപലപിച്ചു. കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ വഹിച്ച് അവർ പലേടത്തും റോഡുകൾ ഉപരോധിച്ചു. പ്രധാനമന്ത്രി നവാസ് ശരീഫിനു വെല്ലുവിളിയാണ് ഈ കൂട്ടക്കൊല. പാക്കിസ്ഥാൻ ജനസംഖ്യയിൽ നാലു ശതമാനമാണു ക്രിസ്ത്യാനികൾ. ഭീകരർക്കു മതമില്ലെന്നും നിരപരാധികളെ കൊന്നൊടുക്കുന്നത് ഇസ്ലാം മതവിശ്വാസത്തിനു മാത്രമല്ല, എല്ലാ വിശ്വാസങ്ങൾക്കും എതിരാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

# അമേരിക്കൻ സുന്ദരി ദൈവവേലയ്ക്ക്

ന്യൂജേഴ്സി: സെപ്തംബർ 15-ാം തീയതി അമേരിക്കൻ സുന്ദരിപ്പട്ടം നേടിയ മിസ്സ് കൽസാസ് തെരേസ്സ വെയ്ൽ ദൈവവേലയ്ക്കായുള്ള തീരുമാനം വെളിപ്പെടുത്തി. 17-ാം വയസിൽ മിൽട്ടറി സേവനത്തിനായി സ്വയം സമർപ്പിച്ചശേഷവും ആറ് വർഷത്തെകൂടെ സേവനത്തിനായി കരാറിൽ ഏർപ്പെട്ടിരിക്കുകയാണ്.

കൻസാസ് നാഷണൽ ഗാർഡിൽ അംഗമായ വെയ്ലിന് മെക്കാനിസത്തിലും ടെന്തൽ ടെക്നീഷ്യത്തിലും ഓർഡിനൻസ് ബഹുമതി ലഭിച്ചിട്ടുണ്ട്. സൈന്യത്തിന് ചൊല്ലിക്കൊടുക്കുന്ന സേറനിറ്റി പ്രയറിൽ, ദൈവമേ എനിക്ക് മാറ്റുവാൻ കഴിയാത്ത കാര്യങ്ങൾ മാറ്റുവാൻ എന്നെ സഹായിക്കേണമേ എന്ന പ്രാർത്ഥനാവാചകം വെയിൽ ചൊല്ലിക്കൊടുക്കണം. വെയ്ലിനെ സംബന്ധിച്ച് ഇത്തരം ഒരു വാചകം കേവലം ഒരു സെലിബ്രിറ്റിയായതുകൊണ്ട് മാത്രം പറയാൻ കഴിയില്ല. അങ്ങനെ ചെയ്യുന്നുവെങ്കിൽ കേവലം ഞാൻ ഒരു കപട വേഷധാരി മാത്രമാണ്. അതുകൊണ്ട് ധൈര്യപ്പെടുത്തുവാനും ചെയ്യിപ്പിക്കുവാനും സഹായിക്കുന്ന ദൈവത്തിന്റെ പ്രതിനിധിയായി കർത്തൃവേല ചെയ്യുന്നതാണ് ഏറെ അഭികാമ്യമെന്ന് വെയ്ൽ തന്റെ ബ്ലോഗിൽ കുറിച്ചു.

ദൈവവേലയ്ക്ക് സമർപ്പിതരായവരിൽ തന്നെ, അത് ഉപേക്ഷിച്ച് മറ്റ് വഴികൾ തേടുകയും കർത്തൃവേലക്കാരുടെ മക്കൾ ആ പാത പിൻതുടരാതിരിക്കുകയും ചെയ്യുന്ന ഈ കാലത്ത് വെയ്ലിന്റെ തീരുമാനം ഏറെ സ്വാഗതാർഹവും മാതൃകാപരവുമാണ്. എനിക്കോ നിങ്ങൾക്കോ ദൈവവേലയെ തടസ്സപ്പെടുത്തുവാൻ കഴിയുന്നതല്ല. നാം തയാറല്ലെങ്കിൽ ദൈവം മറ്റൊരാളെ അതിനായ് എഴുന്നേൽപ്പിക്കും.



# ഓരോ ഘനയടി ചൊവ്വയിലും ഓരോ ലിറ്റർ വെള്ളം



വാഷിങ്ടൺ: ഉണങ്ങി വരണ്ട ഗ്രഹമെന്ന പേരുദോഷം ചൊവ്വയെ വിട്ടകലുന്നു. ചൊവ്വയുടെ മണ്ണിൽ രണ്ടു ശതമാനത്തോളം ജലാംശമാണെന്നു ശാസ്ത്രജ്ഞർ കണ്ടെത്തി.

നാസയുടെ പര്യവേഷണ വാഹനം ക്യൂരിയോസിറ്റി 2012 ഓഗസ്റ്റിൽ ചൊവ്വയിൽ ഇറങ്ങിയശേഷം നടത്തിയ ആദ്യ നാലുമാസത്തെ പരീക്ഷണങ്ങളുടെ ഫലങ്ങൾ സയൻസ് ജേർണലിൽ പ്രസിദ്ധീകരിച്ചു.

അന്തരീക്ഷത്തിൽ നിന്നു ജലം വലിച്ചെടുക്കുന്ന ഒരു സ്പോഞ്ച് പോലെ ചൊവ്വയുടെ മേൽമണ്ണ് പ്രവർത്തിക്കുന്നതായി ശാസ്ത്രജ്ഞർ അറിയിച്ചു. കുഴിച്ചെടുത്ത മണ്ണിന്റെ സാംപിൾ 835 ഡിഗ്രി സെഷ്യസിൽ ചൂടാക്കി ബാഷ്പീകരിച്ചായിരുന്നു പരീക്ഷണം. ഇതിലൂടെ ലഭിച്ച വാതകങ്ങളെ ക്യൂരിയോസിറ്റിയിലെ തന്നെ ലാബോറട്ടറിയിൽ വിശകലം ചെയ്തു. കാർബൺ ഡൈ ഓക്സൈഡിന്റെ സാന്നിധ്യം ചൊവ്വയിലെ മണ്ണിൽ കാർബണേറ്റ് ധാതുക്കളുണ്ട് എന്നതിന്റെ തെളിവായിരുന്നു.

ഇതു ജലസാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്. മൺതരികളുടെ ആകെ ഭാരത്തിന്റെ രണ്ടു ശതമാനത്തോളം അതിനോടു ചേർന്നുള്ള ജലതന്മാത്രകളുടേതാണെന്നും കണ്ടെത്തി. ഒരു ഘനയടി മണ്ണിൽ നിന്ന് ഒരു ലിറ്ററോളം വെള്ളം ലഭിക്കുന്നതിന് തുല്യമാണ് ഇതെന്നും ശാസ്ത്രജ്ഞർ വെളിപ്പെടുത്തി.

ജലാംശത്തിനു പുറമെ സൾഫർ ഡയോക്സേഡ്, ക്ലോറേറ്റ്, പെർക്ലോറേറ്റ് തുടങ്ങിയവയുടെ സാന്നിധ്യവും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ പെർക്ലോറേറ്റ് ജീവനു ഭീഷണിയാകുന്ന രാസവസ്തുവാണ്. ചൊവ്വയുടെ ഉത്തര ധ്രുവ മേഖലയിൽ പെർക്ലോറേറ്റിന്റെ സാന്നിധ്യം നേരത്തെ കണ്ടെത്തിയിരുന്നു.

എന്നാൽ എല്ലായിടത്തും ഈ രാസപദാർഥമുണ്ട് എന്നതു ചൊവ്വയിൽ ജീവന്റെ ഏതെങ്കിലുമൊരു രൂപം കണ്ടെത്താനുള്ള ശ്രമത്തിനു തിരിച്ചടിയാണ്.



പ്രൊഫസർ റെയ്ച്ചൽ ഡാനിയേൽ

**മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം മഹത്തരമാണ്. ഒരിക്കലും അറ്റുപോകാൻ പാടില്ലാത്തതാണ്. മക്കളുടെ സ്വഭാവരൂപീകരണത്തിനും അവരുടെ ഭാവി വാർത്തെടുക്കുന്നതിനും വേണ്ടി വിശ്വാസികളായ മാതാപിതാക്കൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. വിശ്വാസികളായ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില വിഷയങ്ങൾ.**



# മാതാപിതാക്കളും മക്കളും

**1. മാതാപിതാക്കൾക്കെന്നപോലെ മക്കൾക്കും ദൈവവുമായി വ്യക്തിപരമായ ബന്ധം ഉണ്ടായിരിക്കണം:**

അബ്രഹാമിനെ ദൈവം വിളിച്ചു. അവനുമായി നിയമം ചെയ്തു. അവനു വാഗ്ദത്തം ലഭിച്ചു (ഉല്പ. 12). അതുകൊണ്ടു വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിനെ ദൈവഭയത്തിലും ഭക്തിയിലും വളർത്തി. എങ്കിലും അവൻ സ്വയം മുട്ടിപ്പായി പ്രാർത്ഥിച്ചപ്പോൾ മാത്രമാണ് അവനിലൂടെ വാഗ്ദത്ത സന്തതി ജനിച്ചത് (ഉല്പ. 25:21). തന്നെയുമല്ല, അവനും ദൈവശബ്ദം കേൾക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാവശ്യമായിരുന്നു (ഉല്പ. 28:13-15). യാക്കോബിനോടും ദൈവം വ്യക്തിപരമായി ഇടപെട്ടശേഷമാണ് അവനു രൂപാന്തരം വന്നത് (ഉല്പ. 28:13-15). അവന്റെയും അമ്മയുടെയും കുരുട്ടുബുദ്ധി (ഉല്പ. 27:9, 19,25) ഏറെ കഷ്ടങ്ങളിലൂടെ കടന്നുപോകുവാൻ വഴി ഒരുക്കി എന്നു മാത്രമേയുള്ളൂ. അവനെ ഒറ്റയ്ക്കു പിടിച്ച്, ഇടപെട്ട്, അവനെ യിസ്രായേലാക്കി മാറ്റേണ്ടതു ആവശ്യമായിരുന്നു (ഉല്പ. 32:23-28). ദാവീദിനോടു സംസാരിച്ച ദൈവം ശലോമോനോടും സംസാരിച്ചു (1 രാജാ. 3:5). യുനീക്കയിലുണ്ടായ വിശ്വാസം തിമൊഥെയോസിലും ഉണ്ടായിരുന്നതായി പൗലൊസ് സാക്ഷ്യപ്പെടുത്തുന്നു (2 തിമൊ. 1:5).

ഈ ഉദാഹരണങ്ങളിൽ നിന്നു ദൈവവചനം നമ്മെ പഠിപ്പിക്കുന്ന പാഠം വ്യക്തമാണല്ലോ. നമ്മുടെ മക്കൾ വ്യക്തമായും വ്യക്തിപരമായും ദൈവശബ്ദം കേട്ടുവിശ്വസിച്ച്, അനുസരിച്ച് ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിൽ തന്നെയാണോ ജീവിക്കുന്നത്? രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, അഭിഷേകം പ്രാപിച്ചു എന്നു പറഞ്ഞു തൃപ്തിപ്പെട്ടിരിക്കരുത്. അതിനപ്പുറമായ ആത്മീയശക്തിയും ആത്മനിറവിൻ ജീവിതവും അനുദിനം അവർക്കാവശ്യമാണ്. അങ്ങനെയുള്ള അനുഭവം പ്രാപിക്കുന്നതുവരെയും മാതാപിതാക്കൾ പ്രാർത്ഥന നിർത്തരുത്. കണ്ണീർ വീഴ്ത്തുവാൻ മടിക്കരുത്.

**2. മാതാപിതാക്കൾ വേണ്ട ശിക്ഷണം നൽകണം:**

മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കായി ചില ചട്ടങ്ങളും നിയന്ത്രണങ്ങളും വയ്ക്കേണ്ടത് ആവശ്യമാണ്. അതല്ലെങ്കിൽ അവർ നാശത്തിലേക്കു നീങ്ങുവാനിടയുണ്ട്. ലോത്ത് നീതിമാനായിരുന്നുവെങ്കിലും കുടുംബം സോദോമിലാകുവാൻ അവനാണു കാരണക്കാരൻ (ഉല്പ. 13:12). ഫലമോ? അവൻ രക്ഷപെട്ടപ്പോൾ, അവന്റെ കുടുംബം ദയനീയമാംവിധം പരാജയപ്പെട്ടു. അവന്റെ സന്തതിക്ക് ദേവാലയത്തിന്റെ പടി കടക്കുവാൻ പോലും അവകാശം നിഷേധിക്കപ്പെട്ടു (ആവ. 23:3). ഒരു പിതാവെന്ന നിലയിൽ അവൻ തികഞ്ഞ പരാജയമായിരുന്നു. കുടുംബം മുഴുവൻ നഷ്ടപ്പെട്ടിട്ടു, സ്വയം നീതിമാനായി രക്ഷപെട്ട ലോത്തിനെപ്പോലെ അരിഷ്ടൻ മറ്റാരാണുള്ളത്?

യാക്കോബ് ബഥേലിൽ പാർക്കേണ്ടതിന് പകരം ശേഖേമിൽ പാർത്ത ചരിത്രം ഉല്പ. 34 ൽ കാണുന്നു. അവന്റെ ഏക മകൾ ദീനയ്ക്ക് ആരുമായി കൂട്ടുകൂടണമെന്ന ധാരണയില്ലാഞ്ഞതിനാൽ വന്നു ഭവിച്ച അനർത്ഥം ചില്ലറയാണോ? മക്കളുടെ പോക്കുവരവു ശ്രദ്ധിക്കുവാൻ സമയമില്ലാത്ത മാതാപിതാക്കളെ, വരുവാൻ പോകുന്ന അനർത്ഥം അതിഭയങ്കരമായിരിക്കുമെന്നു ഓർത്തുകൊള്ളുക. മക്കളെയുംകൊണ്ടു മോവാബിലേക്കു പോയ നവോമിയുടെയും എലീമേലെക്കിന്റെയും കഥ നമുക്കു സുപരിചിതമാണല്ലോ (രൂത്ത് 1).

യാക്കോബ് ദൈവകല്പന അനുസരിച്ച് ബെഥേലിലേക്കു പോകുവാനൊരുങ്ങുമ്പോൾ, അവൻ ചെയ്തതു നമുക്കു മാതൃകയായിരിക്കട്ടെ. കുടുംബത്തിലുള്ള എല്ലാവരും അന്യദേവന്മാരെ നീക്കിക്കളഞ്ഞു, തങ്ങളെത്തന്നെ ശുദ്ധീകരിച്ചു വസ്ത്രം മാറി, കാതിലെ കുണുക്കുകൾ നീക്കി ബെഥേലിൽ എത്തി യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു (ഉല്പ. 35:1-7). കുടുംബത്തിലെ ഓരോ വ്യക്തിയുടെയും സമർപ്പണത്തെയും ശുദ്ധീകരണത്തെയും ആരാധനയെയും കുറിച്ചു യാക്കോബു നിഷ്കർഷയുള്ളവനായിരുന്നു. അവൻ ദൈവകൃപയിലാശ്രയിച്ചു കുടുംബാംഗങ്ങളോടു പറഞ്ഞപ്പോൾ അവർ അനുസരിച്ചു. എത്ര ശ്രേഷ്ഠകരമായ അവസ്ഥ.

ഇക്കാലത്തു അധികം വിലക്കുകൾ മക്കൾ ഇഷ്ടപ്പെടാറില്ല. കടുപ്പിച്ചു പറയാനും ബുദ്ധിമുട്ടാണ്. പിന്നെന്താണു പോംവഴി? സ്നേഹത്തിൽ പറ്റിയ സമയത്തു, പറയേണ്ടതുപോലെ പറയുവാൻ ദൈവം കൃപ തരട്ടെ. എന്തായാലും നമ്മുടെ മക്കൾ നശിക്കരുത്. അവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടരുത്. അവർ ദൈവത്തിന് വേണ്ടി എരിഞ്ഞു ശോഭിക്കുന്നവരായി തീരണം. അവരുടെ ജീവിതത്തിലൂടെ ക്രിസ്തു വെളിപ്പെടണം. മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, പ്രാർത്ഥിക്കുക; വീണ്ടും വീണ്ടും പ്രാർത്ഥിക്കുക.

**3. മക്കൾക്കുവേണ്ടി നല്ല സാക്ഷ്യവും വിശ്വാസവും ശേഷിപ്പിച്ചിട്ടു ഈ ലോകം വിടുവാൻ മാതാപിതാക്കൾക്കു കഴിയണം:**

യാക്കോബിന്റെ അന്ത്യമൊഴികളുടെ ഭാഗങ്ങൾ ശ്രദ്ധിക്കുക: "ലൂസ്സിൽ വച്ചു എനിക്കു പ്രത്യക്ഷനായി എന്നെ അനുഗ്രഹിച്ചു എന്നോടു: ഞാൻ നിന്നെ സന്താനപുഷ്ടിയുള്ളവനാക്കി പെരുക്കി നിന്നെ ജനസമൂഹമാക്കുകയും നിന്റെ ശേഷം നിന്റെ സന്തതിക്കു ഈ ദേശം ശാശ്വതാവകാശമായി കൊടുക്കുകയും ചെയ്യും എന്നു അരുളിച്ചെയ്തു" (ഉല്പ. 48:4). "എന്റെ പിതാക്കന്മാരായ അബ്രഹാമും യിസ്ഹാക്കും ഭജിച്ചുപോന്ന ദൈവം, ഞാൻ ജനിച്ച നാൾ മുതൽ ഇതുവരെയും എന്നെ പുലർത്തിയിരിക്കുന്ന ദൈവം, എന്നെ സകല ദോഷങ്ങളിൽ നിന്നും വിടുവിച്ച ദൂതൻ..." (ഉല്പ. 48:15,16). ഇതു കേട്ടു നിന്ന യോസേഫും എഫ്രയീമും മനശ്ശെയും ഈ ദൈവത്തെ പിൻപറ്റാതിരിക്കുമോ? ഈ ദൈവം തലമുറ തലമുറയായി ആശ്രയിക്കുവാൻ കൊള്ളാവുന്നവനാണെന്നു സ്വന്ത അനുഭവത്തിൽ പറഞ്ഞ വാക്കുകൾ വെള്ളിത്താലത്തിൽ പൊൻനാരങ്ങാപോലെ തന്നെയായിരുന്നു. തുടർന്നു, യാക്കോബു എത്രത്തോളം ഈ ദൈവത്തെയും അവന്റെ വാഗ്ദത്തങ്ങളെയും വിശ്വസിച്ചു എന്നുറപ്പു വരുത്തുവാൻ "നിങ്ങളെ നിങ്ങളുടെ പിതാക്കന്മാരുടെ ദേശത്തേക്കു മടക്കിക്കൊണ്ടുപോകും" (ഉല്പ. 48:21) എന്നു പ്രസ്താവിച്ചു. മറ്റൊന്നും കൊടുത്തില്ലെങ്കിലും മക്കൾക്കുവേണ്ടി നല്ല സാക്ഷ്യവും വിശ്വാസവും ശേഷിപ്പിച്ച യാക്കോബു എത്ര ശ്രേഷ്ഠൻ.

**കുഞ്ഞുങ്ങൾ എന്നും കുഞ്ഞുങ്ങളായിരിക്കുകയില്ല. അവർ വളർന്നു സ്വയം തീരുമാനം എടുക്കേണ്ടവരും സ്വയം അധ്വാനിച്ച് പണം സമ്പാദിക്കേണ്ടവരും അതു വേണ്ടതുപോലെ കൈകാര്യം ചെയ്യേണ്ടവരുമാണ്. ജീവിതം എന്നും സുഖപൂർണ്ണവും പ്രശ്നരഹിതവുമായിരിക്കുകയില്ല. നാം ജീവിക്കുന്ന ഈ ലോകത്തിൽ വിവിധ തരത്തിലുള്ള വ്യക്തികളുമായി ഇടപെടേണ്ടി വരും. വിവിധ പ്രശ്നങ്ങളെ നേരിടേണ്ടി വരും. പരാജയം സംഭവിച്ചു എന്നു വരും. രോഗം, ദുഃഖം, മരണം ഇവ ഉണ്ടാകും. മറ്റുള്ളവരിൽ നിന്നു ഉപദ്രവം ഉണ്ടായേക്കാം. ഇവയെല്ലാം തരണം ചെയ്തു ഉറച്ചു നിൽക്കുവാനുള്ള കരുത്തു കുഞ്ഞുങ്ങൾക്കു പകർന്നു കൊടുക്കുകയാണ് മാതാപിതാക്കളുടെ കർത്തവ്യം.**

നാം എന്തു കൊടുത്തിട്ടുപോകും? ലോകസമ്പത്തിനെക്കാൾ ശ്രേഷ്ഠമായതു കൊടുക്കുവാൻ നമുക്കു കഴിയുമോ? മക്കളുടെ മുമ്പാകെ നല്ല സാക്ഷ്യം ഉള്ളവരായിരിക്കാം. നമ്മുടെ വാക്കുകളിലൂടെയും നമ്മുടെ വിശ്വാസം പുറത്തുവരട്ടെ. അതു മക്കൾ അംഗീകരിക്കുവാനിടവരട്ടെ.

നമ്മെത്തന്നെ ശോധന ചെയ്യുക. നമ്മുടെ വിശ്വാസവും പ്രവൃത്തിയും മക്കളെ ദൈവത്തിനു കൊള്ളാവുന്ന ശ്രേഷ്ഠരാക്കി തീർക്കുമോ?

കുഞ്ഞുങ്ങൾ എന്നും കുഞ്ഞുങ്ങളായിരിക്കുകയില്ല. അവർ വളർന്നു സ്വയം തീരുമാനം എടുക്കേണ്ടവരും സ്വയം അധ്വാനിച്ച് പണം സമ്പാദിക്കേണ്ടവരും അതു വേണ്ടതുപോലെ കൈകാര്യം ചെയ്യേണ്ടവരുമാണ്. ജീവിതം എന്നും സുഖപൂർണ്ണവും പ്രശ്നരഹിതവുമായിരിക്കുകയില്ല. നാം ജീവിക്കുന്ന ഈ ലോകത്തിൽ വിവിധ തരത്തിലുള്ള വ്യക്തികളുമായി ഇടപെടേണ്ടി വരും. വിവിധ പ്രശ്നങ്ങളെ നേരിടേണ്ടി വരും. പരാജയം സംഭവിച്ചു എന്നു വരും. രോഗം, ദുഃഖം, മരണം ഇവ ഉണ്ടാകും. മറ്റുള്ളവരിൽ നിന്നു ഉപദ്രവം ഉണ്ടായേക്കാം. ഇവയെല്ലാം തരണം ചെയ്തു ഉറച്ചു നിൽക്കുവാനുള്ള കരുത്തു കുഞ്ഞുങ്ങൾക്കു പകർന്നു കൊടുക്കുകയാണ് മാതാപിതാക്കളുടെ കർത്തവ്യം.

സാമ്പത്തിക വിഷയങ്ങളിൽ എപ്രകാരം മാതൃകയായിരിക്കാമെന്നു നോക്കാം. യാതൊരു അല്ലലും അറിയാതെ കുഞ്ഞിനെ വളർത്തുന്നതു നല്ലതാണ്. സാമ്പത്തികമായി എത്ര ഞെരുക്കം ഉണ്ടായാലും അതു മക്കളെ അറിയിക്കാതെ അവർക്ക് വേണ്ടുന്നതെല്ലാം ഒരു കുറവും വരുത്താതെ എത്തിച്ചുകൊടുക്കുവാൻ പാടുപെടുന്ന മാതാപിതാക്കളുണ്ട്. എന്നാൽ ഈ അവസരങ്ങൾ അവരെ പ്രായോഗിക ജീവിതത്തിനായി ഒരുക്കുന്ന സന്ദർഭമായി മാറ്റാൻ ശ്രമിക്കുന്ന എത്ര പേരുണ്ട്? സാമ്പത്തിക ഞെരുക്കം നേരിടുമ്പോൾ അതു മക്കളും കൂടെ അറിയട്ടെ. അത്യാവശ്യമില്ലാത്തവ വാങ്ങേണ്ട എന്നു പറയുന്നതിൽ തെറ്റില്ല. അത്യാവശ്യങ്ങൾക്കായി ദൈവമുഖത്തേക്കു നോക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടത് ഇങ്ങനെയുള്ള അവസരങ്ങളിലാണല്ലോ. സാമ്പത്തിക ആവശ്യങ്ങൾക്കു വേണ്ടി ഒരുമിച്ചു പ്രാർത്ഥിച്ചാൽ മറുപടി ലഭിക്കുമ്പോൾ ഇതു ദൈവം തന്നു എന്നു കുഞ്ഞുങ്ങളോടു പറഞ്ഞു പ്രാർത്ഥനയുടെ ശക്തി വെളിപ്പെടുത്തുവാൻ കഴിയും. പ്രാർത്ഥിച്ചു കിട്ടിയത് വളരെ അത്യാവശ്യമുള്ളതിനുവേണ്ടി മാത്രം ചെലവാക്കുകയും വേണ്ടതിലധികം ചെലവാക്കുകയോ പാഴാക്കുകയോ ചെയ്യാതിരിക്കുന്നതും ആവശ്യമാണ്. മാതാപിതാക്കൾ ബുദ്ധിമുട്ടി അദ്ധ്വാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടാണ് പണം കിട്ടുന്നതെന്നു കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തേണ്ടത് ആവശ്യമാണ്. അങ്ങനെയാകുമ്പോൾ ഒരു കാലത്തു അവർ തന്നെ അദ്ധ്വാനിച്ച് പണം നേടുമ്പോൾ നീ തന്നതല്ലാതെ മറ്റെന്തുള്ളൂ എന്നു ദാവീദിനെപ്പോലെ പറഞ്ഞു ദൈവത്തെ സ്തുതിക്കുന്നവരും ദൈവത്തിനു കൊടുക്കേണ്ടതു കൊടുക്കുന്നവരുമായി തീരുമെന്നതിനു സംശയമില്ല. പൊങ്ങച്ചത്തിനു വേണ്ടി ഒരു പൈസ പോലും അങ്ങനെയുള്ളവർ ചെലവാക്കുകയില്ല. ദൈവം തന്നു; ദൈവനാമ മഹത്വത്തിന് വേണ്ടി ചെലവാക്കുക; ഏല്പിച്ചതിനൊക്കെയും ദൈവം ത്തോടു കണക്കു ബോധിപ്പിക്കുക; ഈ ബോധം അവർക്കുണ്ടായിരിക്കും.

സാമ്പത്തിക ഞെരുക്കം നേരിട്ടാൽ കാക്കയെക്കൊണ്ടു ഏലിയാവിനെ പോഷിപ്പിച്ച ദൈവത്തെ ഓർക്കുവാനും (1 രാജ. 17:4), അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുകയും (യോഹ. 6:1-14) കരം കൊടുക്കുവാനുള്ള പണം മത്സ്യത്തിന്റെ വായിൽ നിന്നു പത്രൊസിനു കൊടുക്കുകയും ചെയ്ത കർത്താവിൽ ആശ്രയിക്കുവാനും ദൈവം വഴി തുറക്കുന്നതിനായി കാത്തിരിക്കുവാനുമല്ലാതെ, മനസു തകർന്നു, നിരാശപ്പെട്ടു, അരിശപ്പെട്ടു മറ്റെല്ലാവരെയും കുറ്റം പറഞ്ഞു ഓടിനടക്കുകയോ കിട്ടുന്നിടത്തു നിന്നെല്ലാം കടം വാങ്ങുകയോ ചെയ്യുന്നത് ഒരു ദൈവപൈതലിനു യോജിച്ചതല്ലെന്നു മക്കൾ മാതാപിതാക്കളിൽ നിന്നും പഠിച്ചിരിക്കണം. തിരിച്ചു കൊടുക്കുവാൻ വഴിയുണ്ടെങ്കിൽ കടം വാങ്ങുന്നതിൽ തെറ്റില്ല. പക്ഷേ കൃത്യമായും പറയുന്ന സമയത്തും തിരിച്ചുകൊടുക്കാൻ കഴിയണമെന്നു മാത്രം. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാനാണു ദൈവം നമ്മെ പഠിപ്പിക്കുന്നത് (എബ്രാ. 13:5). ആരോടും കടംപെട്ടിരിക്കുവാനും

↳ 4

# മാതാപിതാക്കളും മക്കളും

⮪ 3

ദൈവം ആഗ്രഹിക്കുന്നില്ല (റോമ. 13:8). ദൈവമുഖത്തേക്കു നോക്കുവാൻ ഒരു മുഖാന്തരമായി സാമ്പത്തിക ബുദ്ധിമുട്ടിനെ മാറ്റിയെടുക്കുമെങ്കിൽ അതു ശാപത്തിനു പകരം അനുഗ്രഹമായി തീരും.

ധാരാളം പണം ദൈവം നമ്മെ ഏല്പിച്ചിട്ടുണ്ടെങ്കിൽ അതു നമ്മുടെ ഇഷ്ടം പോലെ കൈകാര്യം ചെയ്യുവാൻ കഴിയും. എന്നാൽ ഏല്പിച്ച ദൈവം നാം വിശ്വസ്തതയോടെ അതു വ്യാപാരം ചെയ്യുന്നുവോ എന്ന് ശ്രദ്ധിക്കുന്നുണ്ട്. ഏല്പിച്ച പണത്തിനു നാം കണക്കു ബോധിപ്പിച്ചേ മതിയാകയുള്ളൂ. സ്വന്ത ആവശ്യത്തിനുവേണ്ടി മാത്രം മുഴുവനും ചെലവാക്കാതെ, മറ്റുള്ളവരെ സഹായിക്കുകയും ദൈവവേലയ്ക്കായി ചെലവിടുകയും ചെയ്യുവാനിടയാകട്ടെ. ഏറ്റവും വില കൂടിയ സാധനങ്ങൾ വാങ്ങണം എന്നു വിചാരിക്കാതെ ഉപയോഗം നോക്കിയും ഈടു നിൽക്കുമോ എന്നു നോക്കിയും വാങ്ങിയാൽ എത്ര നന്നായിരുന്നു. എത്ര പണം കയ്യിൽ കിട്ടിയാലും അത്യാവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങിക്കൂട്ടുന്നത് ഒരിക്കലും മാതൃകയല്ല. ഉള്ളതു വേണ്ടതുപോലെ ചെലവാക്കുവാൻ കഴിയാതെപോയ നാബാലിന്റെ അന്ത്യം ഓർക്കുക. അവൻ ധാരാളം ചെലവാക്കി. പക്ഷേ ദാവീദിനും കൂട്ടർക്കും കൊടുക്കുവാൻ കഴിയാതെ പോയ നാബാലിന്റെ അന്ത്യം ഓർക്കുക. അവൻ ധാരാളം ചെലവാക്കി. പക്ഷേ ദാവീദിനും കൂട്ടർക്കും കൊടുക്കുവാൻ കഴിയാതെ പോയി. അവന്റെ ഭാര്യ അബീഗയിൽ തക്കസമയത്തു ഇടപെട്ടതു നിമിത്തം കുടുംബം മുഴുവൻ നശിക്കാതെ രക്ഷപെട്ടു. എന്നാൽ അവൻ നശിച്ചുപോയി (1 ശമു. 25). ആർക്കെങ്കിലും കൊടുക്കയല്ല, കൊടുക്കേണ്ടവർക്കു കൊടുക്കുവാനും പരിജ്ഞാനം പ്രാപിച്ചിരിക്കണം.

മാതാപിതാക്കൾ ദശാംശം കൃത്യമായി മാറ്റിവച്ച് ദൈവനാമ മഹത്വത്തിനായി ചെലവാക്കുന്നു എന്നു മക്കൾ അറിയണം. കുറച്ചു പണം ചെലവാക്കുന്ന രീതിയല്ല, കൃത്യമായി എല്ലാ വരവിന്റെയും പത്തിലൊന്നു നിർബ ന്ധമായും മാറ്റി വയ്ക്കാൻ കഴിയണം. അതിൽ കൂടുക യല്ലാതെ കുറയുവാൻ പാടില്ല. ദൈവത്തിനുള്ളതു അല്പ മെങ്കിലുമെടുത്താൽ ദൈവത്തെ മോഷ്ടിക്കുകയാണെന്നു ബാല്യത്തിലേ കുഞ്ഞുങ്ങൾ മനസിലാക്കത്തക്കവണ്ണം വീട്ടിൽ എല്ലാവരും, വിശേഷാൽ മക്കളും അറിഞ്ഞുതന്നെ ദശാംശം വേർതിരിക്കുവാൻ ശ്രമിക്കണം. ചില ഭവനങ്ങളിൽ ദശാംശം മാറ്റിവയ്ക്കുവാൻ പ്രത്യേക സ്ഥാനമോ കവറോ ഉള്ളത് നല്ല കാര്യമാണ്. പ്രായമാകുമ്പോൾ അതു അവരുടെ ശീലമായിക്കൊള്ളും. അതു അവർക്കും തലമുറയ്ക്കും അനുഗ്രഹമായിരിക്കുമെന്നതിനു സംശയമില്ല.

ഈ ലോകത്തിൽ ജീവിക്കുവാൻ കൊള്ളാവുന്ന, ദൈവഭക്തിയുള്ള വ്യക്തികളായി വളർത്തിക്കൊണ്ടു വരുവാൻ ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ വേണ്ടതുപോലെ പഠിപ്പിക്കുവാനും അവരുടെ മുമ്പിൽ മാതൃകയായിരിക്കുവാനും ദൈവം നമ്മെക്കുറിച്ച് ആഗ്രഹി ക്കുന്നു. വാക്കുകൊണ്ടും പ്രവർത്തികൊണ്ടും ആ കടമ നിറവേറ്റുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ■

# വിനയാന്വിതനായ പോപ്പ്



റോം: സ്ഥാനത്യാഗം ചെയ്ത ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ ബനഡിക്ക് പതിനാറാമനു പിൻഗാമിയായി വന്ന ഫ്രാൻസിസ് പോപ്പിന്റെ വാർത്തകൾ പത്രമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ്.

ജെസ്യൂട്ട് പബ്ലിക്കേഷൻ പോപ്പുമായി നടത്തിയ ഇന്റർവ്യൂവിൽ അബോർഷൻ, സ്വവർഗ വിവാഹം, സ്ത്രീ പൗരോഹിത്യം എന്നീ വിവാദ വിഷയങ്ങളെ സംബന്ധിച്ച് പറഞ്ഞ വാക്കുകൾ ആഗോള തലത്തിൽ വാർത്തയായിരുന്നു.

രാജ്യതലവൻ കൂടിയായ പോപ്പിന് അനുവദിച്ച ആഡംബര ബുള്ളറ്റ് പ്രൂഫ് കാർ ഉപേക്ഷിച്ച് വളരെ പഴകിയ കാർ സ്വയം ഡ്രൈവ് ചെയ്താണ് യാത്ര ചെയ്യുന്നത്. അപ്പോസ്തലിക് പാലസെന്ന പോപ്പിന്റെ വാസസ്ഥലമുപേക്ഷിച്ച് വത്തിക്കാനിലെ സാധാരണ ഗസ്റ്റ് റൂമിലാണ് താമസിക്കുന്നത്. ഈ പശ്ചാത്തലത്തിൽ പോയിന്റ് ബ്ലാങ്ക് പരിപാടിയിൽ 'ആരാണ് ജോർജ്ജ് ബെർഗോലിയേ?' എന്ന ചോദ്യത്തിന് നൽകിയ മറുപടി ആരെയും ഞെട്ടിക്കുന്നതായിരുന്നു. ഞാൻ ഒരു പാപിയാണ്, പക്വെ യേശുക്രിസ്തുവിന്റെ അനന്തമായ കരുണയെയും ക്ഷമയെയും ഞാൻ ഏറെ വിശ്വസിക്കുന്നു. ആഗോള കത്തോലിക്ക സഭയുടെ പരമാദ്ധ്യക്ഷനെ സഭയുടെ പരിശുദ്ധ പിതാവുമായാണ് ലോകം കാണുന്നത്. ഇത്രമാത്രം ദൈവതുല്യം പരിഗണിക്കപ്പെടുന്ന പോപ്പിന്റെ പ്രസ്താവന ആധുനിക ക്രൈസ്തവ സഭാ നേതൃത്വങ്ങൾ പഠിക്കേണ്ടതാണ്.

വത്തിക്കാനിലെ സാന്ത മർത്ത ഗസ്റ്റ് റൂം 201 ൽ താമസിക്കുന്നതിനെക്കുറിച്ച്; എന്നെ സംബന്ധിച്ച് അപ്പോസ്തലിക് പാലസ് തല കീഴായിരിക്കുന്ന ഒരു പുകക്കുഴൽ പോലെയാണ്. കാരണം ഒറ്റപ്പെട്ട ആളുകൾക്ക് മാത്രമെ എന്നെ കാണാൻ കഴിയൂ. ജനങ്ങളുമായി നിരന്തരം ബന്ധപ്പെടാൻ കഴിയാത്തത് എന്നെ ഏറെ അസ്വസ്ഥനാക്കും.

മിഷനറി സ്പിരിറ്റ്, കമ്മ്യൂണിറ്റി, അച്ചടക്കം ഈ മൂന്ന് കാര്യങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള എന്റെ ജീവിതത്തിൽ ഞാൻ എന്നെ തന്നെ ഒരു പുരോഹിതനായി കാണുന്നില്ല. എനിക്ക് ഒരു സമൂഹം ആവശ്യമാണ്. മനുഷ്യ സമൂഹവുമായി ബന്ധപ്പെടാൻ കഴിയാത്തിടത്തോളം കാലം എനിക്ക് ദൈവത്തിന്റെ പ്രതിനിധിയായിരിക്കാൻ കഴിയില്ല.

# സൗഖ്യമില്ലാതെ മരണം: മാതാപിതാക്കൾ ജയിലിൽ

ഫിലദെൽഫിയ ഡെയ്‌ലിന്യൂസ്:- ഹെർബെർട്ട്, കത്രീന സ്കെയ്ബൽ എന്നിവർ ഫസ്റ്റ് സെഞ്ചെറി ഗോസ്പൽ ചർച്ചിലെ വിശ്വാസികളാണ്. മാനവരാശിയുടെ രക്ഷ കേവലം ദൈവത്തിലൂടെയുള്ള വിശ്വാസം മാത്രമാണെന്നും രോഗശാന്തി കേവലം പ്രാർത്ഥനയിലൂടെ മാത്രമെ കൈവരിക്കാൻ പാടുള്ളൂ എന്നാണ് സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്.

ദമ്പതികളുടെ രണ്ട് വയസ് മാത്രം പ്രായമുള്ള രണ്ടാമത്തെ മകൻ കെന്റ് പെട്ടെന്നുണ്ടായ അണുബാധയെതുടർന്ന് രോഗബാധിതനായിത്തീരുകയും സമയത്ത് ചികിത്സ കൊടുക്കാതെ പ്രാർത്ഥനയിൽ മാത്രം പ്രതീക്ഷ അർപ്പിച്ചുകൊണ്ട് ഇരിക്കുകയും ചെയ്തതിനിടയിൽ മരിച്ചു. ഇതേ തുടർന്ന് 2011-ലെ മനഃപ്പൂർവ്വമല്ലാത്ത ന രഹത്യാകുറ്റം ചുമത്തി മാതാപിതാക്കളെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. ദമ്പതികളുടെ മറ്റു കുട്ടികളെ ശിശു സംരക്ഷണ കേന്ദ്രത്തിലേക്ക് സർക്കാർ മാറ്റി പാർപ്പിച്ചിരിക്കുകയാണ്.

# വെടിയുണ്ടകൾക്കു കീഴെ ദൈവിക കരങ്ങളുടെ സംരക്ഷണത്തിൽ

നയ്റോബി: മൂന്നു പെൺകുഞ്ഞുങ്ങളെയും അടക്കിപ്പിടിച്ച് കാതറിൻ വാൾട്ടൺ (38) കെനിയയിലെ വെസ്റ്റ് ഗേറ്റ് ഷോപ്പിംഗ് മാളിൽ വെറും നിലത്തു കിടന്നതു നീണ്ട നാലു മണിക്കൂർ. ഇതിനിടെ മൂന്നു ഭീകരർ തോക്കുകളുമായി അതുവഴി പോകുന്നതു കാതറിൻ കണ്ടു. ഏതു നിമിഷവും തനിക്കും കുഞ്ഞുങ്ങൾക്കും ജീവൻ നഷ്ടപ്പെടുമെന്നും അവർ പേടിച്ചു. പക്ഷേ, ഒന്നും സംഭവിച്ചില്ല.

രക്ഷപെട്ടതിന്റെ മുഴുവൻ മഹത്വവും കാതറിൻ നൽകുന്നത് ദൈവത്തിന്. തീർച്ചയായും ദൈവിക കരുതലില്ലായിരുന്നെങ്കിൽ അവർക്കു വിഷമവും ഉണ്ടാകുമായിരുന്നില്ല. 13 മാസം പ്രായമുള്ള എന്റെ ഇള യകുഞ്ഞ് ഓരോ സ്ഫോടന ശബ്ദം കേൾക്കുമ്പോഴും അലറിക്കരഞ്ഞു. പക്ഷേ, എന്തുകൊണ്ടോ ഭീകരരുടെ ചെവിയിൽ അത് എത്തിയില്ല.

ഒരു ഘട്ടത്തിൽ മുകളിലത്തെ നിലയിൽ നിന്നിരുന്ന ഒരു ഭീകരന്റെ നോട്ടം എന്റെ മേൽ പതിഞ്ഞു. എന്നാൽ അയാൾ വെടിവച്ചില്ല. കാതറിൻ അസോഷ്യേറ്റഡ് പ്ര സുമായി തന്റെ അനുഭവം പങ്കിട്ടു. വെസ്റ്റ് ഗേറ്റ് വാണിജ്യ സമുച്ചയത്തിലെ കളിപ്പാട്ടക്കടയിൽ കുട്ടികളുമായി നിൽക്കുമ്പോഴായിരുന്നു ഭീകരാക്രമണം. സ്ഫോടന ശബ്ദം കേട്ടപ്പോഴേ കുഞ്ഞുങ്ങളെ വാരിപ്പിടിച്ചു നിലത്തുകിടന്നു. മറയായി ഉണ്ടായിരുന്നതു കടയിലെ ഒരു ഡിസ്പ്ലേ ബോർഡ് മാത്രം.

പിടയ്ക്കുന്ന മനസോടെ നാലു മണിക്കൂർ നിലത്തു കിടക്കുന്നതിനിടയിലും സന്ദർഭത്തിന്റെ ഗൗരവം മനസിലാ ക്കാൻ പ്രായമായിട്ടില്ലാത്ത നാലും രണ്ടും വയസ്സുള്ള കുഞ്ഞുങ്ങൾ അമ്മയുടെ മൊബൈൽ ഫോണുമായി കളിയിലായിരുന്നു. കാതറിന്റെ മൂത്ത രണ്ട് ആൺകുട്ടികൾ ഷോപ്പിങ് മാളിൽ മറ്റേതോ സ്ഥലത്തായിരുന്നു. അവരും രക്ഷപെട്ടു.

# പുരുഷൻ പുരുഷനല്ലാതായാൽ

ലോകാരംഭം മുതൽ തന്നെ സ്ത്രീ പ്രസവിക്കുന്നു എന്നതാണ് യാഥാർഥ്യം. എന്നാൽ ഈ ചരിത്രവും തിരുത്തി എഴുതപ്പെട്ടിരിക്കുന്നു. പുരുഷൻ പ്ര സവിക്കുന്നു എന്ന ചരിത്രവാർത്ത ഇപ്പോൾ ലോകമെങ്ങും പ്രചരിച്ചുകൊണ്ടിരിക്കുന്നു.

ജർമ്മനിയിൽ നിന്നുമാണ് ഈ വാർത്ത പുറത്ത് വന്നിരിക്കുന്നത്. ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ സ്ത്രീയായിത്തീർന്ന ആൾ ഒരു കുഞ്ഞിന് ജന്മം നൽകി എന്നതാണ് വാർത്ത. ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ സ്ത്രീയായി തീർന്നെങ്കിലും വൈദ്യശാസ്ത്രപരമായി ഒരാൾക്ക് എങ്ങനെ കുഞ്ഞിന് ജന്മം നൽകാൻ കഴിയും എന്നത് അവിശ്വസനീയമാണ്.

കഴിഞ്ഞ മാർച്ച് 18-ാം തീയതി നെക്കൊലിൻ ടിസ്ട്രിക്റ്റിൽ ബർലിനിൽ നടന്ന സംഭവം ഇപ്പോഴാണ് പുറത്ത് വന്നത്. ആശുപത്രിയിൽ പ്രസവിച്ചാൽ കുഞ്ഞിന്റെ അമ്മയായി തന്റെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ഒഴിവാക്കാനാണ് വീട്ടിൽ തന്നെ പ്രസവിച്ചത്.

എന്താണ് ഈ സംഭവത്തിലെ യാഥാർത്ഥ്യം? ജന്മനാ സ്ത്രീയായ വ്യക്തിയിൽ പുരുഷഹോർമോണിന്റെ അളവ് കൂടുതൽ ഉണ്ടായിരുന്നു. സംസാരവും ശബ്ദവും പുരുഷന്റേതുപോലെ തന്നെ. ഇതേ തുടർന്നാണ് ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ പുരുഷനായതെങ്കിലും ജീവശാസ്ത്രപരമായി ഈ വ്യക്തി ഇന്നും സ്ത്രീ തന്നെയാണ്.

ദൈവവചനപ്രകാരവും ജീവശാസ്ത്രപരമായും സ്ത്രീയും പുരുഷനും ശരീരഘടനയിലും പ്ര വർത്തനത്തിലും എന്നും വ്യത്യസ്തർ തന്നെയാണ്. ഹോർമോണിലെ വ്യതിയാനം നിമിത്തം സ്ത്രീ പുരുഷന്മാർക്കിടയിൽ ചില അപൂർവ്വ സമാനതകൾ ഉണ്ടാകുമെങ്കിലും സ്ത്രീയ്ക്ക് സ്ത്രീയായും പുരുഷന് പുരുഷനായും മാത്രമേ ജീവിക്കുവാൻ കഴിയൂ. ദൈവം അനുവദിച്ച സ്വാഭാവിക ജീവിതരീതിയെ മാറ്റിമറിക്കാൻ വൈദ്യശാസ്ത്രം ശ്രമിക്കുന്നതിലൂടെ ദൈവത്തിന്റെ പരമാധികാരത്തെത്തന്നെ മനുഷ്യൻ ചോദ്യം ചെയ്ത് തുടങ്ങുകയാണ്.

# യേശുവിന്റെ സവിശേഷതകൾ

## ഇന്നിന്റെ ആവശ്യകത



ഷൈൻ ശമുവേൽ, ചെന്നിത്തല

പ്രശ്ന സങ്കീർണതകൾകൊണ്ട് നിറഞ്ഞ ഒരു ലോക ത്താണ് നാം ജീവിക്കുന്നത്. എങ്ങോട്ടു നോക്കിയാലും അക്രമങ്ങളും, അനീതിയും, വഞ്ചനയും, സ്നേഹമില്ലായ്മയും നിലനിൽക്കുന്നു. ഇങ്ങനെയുള്ള ഈ ലോകത്തിൽ അല്ലങ്കിൽ ഈ കാലഘട്ടത്തിൽ യേശുവിന്റെ പ്രസക്തി എന്താണ്? ആത്മീക തലങ്ങളിൽ പോലും മൂല്യച്യുതികൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സമ്പത്തിന്റേയും, വിദ്യയുടെയും, ജാതിയുടേയും നിറത്തിന്റേയും ഒക്കെ പേരിൽ ഭിന്നതകൾ രൂക്ഷമായികൊണ്ടിരിക്കുകയാണ്. യേശുവിനെ അനുഗമിക്കുന്ന ഒരു വ്യക്തി യേശുവിന്റെ ജീവിതത്തോട് താദാത്മ്യപ്പെടേണ്ടത് ഏറ്റവും ആവശ്യമായ കാര്യമാണ്. എന്താണ് യേശുവിന്റെ സവിശേഷതകൾ, നമുക്ക് ചിന്തിക്കാം. യേശുവിന്റെ ഒന്നാമത്തെ സവിശേഷത വ്യവസ്ഥാതീതമായ സ്നേഹം.

### വ്യവസ്ഥാതീതമായ സ്നേഹം
(Unconditional Love)

ക്രിസ്തീയത്വം എന്ന് പറയുമ്പോൾ നമ്മുടെ മനസിലേക്ക് ഓടിവരുന്നത് സ്നേഹമാണ്. ഇത് വാസ്തവത്തിൽ ശരിയാണ്, കാരണം ഇതിന്റെ സ്ഥാപകൻ കാണിച്ച മാതൃക അതാണ്. സ്നേഹത്തിൽ അടിസ്ഥാനം ഇട്ടതാണ് ക്രിസ്തീയ ജീവിതം. ദൈവം നമ്മെ സ്നേഹിച്ചത് തന്റെ ഏകജാതനായ പുത്രനെ നൽകിയാണ് (യോഹ 8 : 16). യേശു തന്റെ ജീവതത്തിലൂടെയും, ഉപദേശത്തിലൂടെയും അതിനപ്പുറത്ത് തന്റെ മരണത്തിലൂടെയും സ്നേഹത്തിന്റെ ശക്തി എന്താണെന്ന് വെളിപ്പെടുത്തി. വേദപുസ്തകത്തിൽ സ്നേഹത്തിന്റെ ശക്തിയെ പരാമർശിക്കുന്ന ഒരു അദ്ധ്യായം തന്നെ നമുക്ക് കാണുവാൻ കഴിയും (1 കൊരി 13).

അറിവും വാഴ്ചയും നിറഞ്ഞുനില്കുന്ന ലോകത്ത് യഥാർത്ഥ മാനവീകതയെ യേശു തിരികെ വിളിക്കുകയാണ്. യേശു ഒരിക്കലും ജ്ഞാനത്തിന് എതിരല്ലായിരുന്നു. എന്നാൽ തന്റെ ജീവിതവും ഉപദേശവും കൊണ്ട് മാനവീകതയെ സേവിക്കുന്ന അല്ലങ്കിൽ സംരക്ഷിക്കുന്ന ശക്തമായ സ്നേഹത്തിന്റെ ജ്ഞാനം വെളിപ്പെടുത്തുകയായിരുന്നു. ഇത് നാം യഥാർത്ഥമായി മാനസിലാക്കേണ്ട ഒന്നാണ്. ഉദാഹരണമായി ഒരു അമ്മ തന്റെ കുഞ്ഞിനെ അടുത്തറിയുന്നു, കാരണം അവൾ തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നു. അമ്മയുടെ ഈ സ്നേഹമാണ് കുഞ്ഞിനെ വളരുവാൻ സഹായിക്കുന്നത്. ഇത് നിരന്തരമായി നടക്കേണ്ടതാണ്. സ്നേഹം ഒരു ബന്ധം ആണ്, സ്നേഹിക്കുന്ന ആളും സ്നേഹിക്കപ്പെടുന്ന ആളും ഈ ബന്ധത്തിലേക്ക് കടക്കുകയും ഇരുവരും ഒരുപോലെ വളരുകയും ചെയ്യുന്നു. അപ്പോസ്തോലനായ പൗലോസ് ഇപ്രകാരം പറയുന്നു വിശ്വാസത്തിനും പ്രത്യാശക്കും അവസാനമുണ്ട് എന്നാൽ സ്നേഹത്തിന് അവസാനമില്ല (1 കൊരി 13:13). യേശുവിന്റെ യഥാർത്ഥ ഉപദേശത്തിന്റെ ആഴം വ്യാഖ്യാനിക്കുമ്പോൾ തന്റെ അരുമശിഷ്യനായ യോഹന്നാൻ ഇപ്രകാരമാണ് പറയുന്നത്. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു.

അറിവിന്റെയും, ശസ്ത്രത്തിന്റേയും, സാങ്കേതിക വിദ്യയുടേയും അതിവ വളർച്ചയുള്ള ഈ കാലഘട്ടത്തിൽ യഥാർഥ മാനവികതയുടെ ഭാവി നിലനിർത്തണം എങ്കിൽ സ്നേഹത്തിന്റെ ശക്തിക്കുമാത്രമേ കഴിയൂ. പ്രായോഗികമായ

**വ്യവസ്ഥാതീത സ്നേഹത്തിന്റെ പ്രത്യേകത ഇത് സാർവ്വ ലൗകീക സ്നേഹമാണ് യേശു ഈ ലോകം വച്ചിരുന്ന സകല അതിർ വരമ്പുകളുമുറിച്ചുമാറ്റി. ദേശങ്ങൾ, ഭാഷകൾ, ജാതികൾ, മതങ്ങൾ ഇവയ്ക്ക് അപ്പുറമായിട്ടാണ് യേശുവിന്റെ സ്നേഹം. ദൈവത്തിന്റെ സ്നേഹം മുഴുൻ മാനവജാതിയേയും സ്നേഹിച്ച സ്നേഹമാണ്. ഈ പരിജ്ഞാനം ലഭിച്ച പൗലോസ് ഇപ്രകാരമാണ് പറയുന്നത്, ഇനിയും യഹൂദനെന്നോ, യവനനെന്നോ, അടിമ എന്നോ, സ്വതന്ത്രൻ എന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് (ഗാലത്യർ 3:28).**

സ്നേഹത്തിനു മാത്രമേ വ്യക്തികളേയും സമൂഹത്തേയും മാറ്റുവാൻ കഴിയൂ. ഇത് യഥാർത്ഥ നീതിയും സമാധാനവും ഉണ്ടാകുന്നു. സ്നേഹമാണ് മനുഷ്യ ജീവിതത്തെ നിയന്ത്രിക്കുന്നത്. സഭാപിതാക്കന്മാരിൽ ഒരുവനായ വിശുദ്ധനായ അഗസ്തിനോസ് ഇപ്രകാരമാണ് പറയുന്നത് 'സ്നേഹിക്കുക പിന്നെ നിനക്ക് ഇഷ്ടമുള്ളത് ചെയ്യാം' താൻ പറഞ്ഞതിന്റെ യഥാർത്ഥ അർത്ഥം ഇതാണ് യഥാർത്ഥ സ്നേഹത്തിന് അനീതിയും അശുദ്ധിയും ചെയ്യാൻ കഴിയുകയില്ല.

വ്യവസ്ഥാതീത സ്നേഹത്തിന്റെ പ്രത്യേകത ഇത് സാർവ്വ ലൗകീക സ്നേഹമാണ് യേശു ഈ ലോകം വച്ചിരുന്ന സകല അതിർ വരമ്പുകളുമുറിച്ചുമാറ്റി. ദേശങ്ങൾ, ഭാഷകൾ, ജാതികൾ, മതങ്ങൾ ഇവയ്ക്ക് അപ്പുറമായിട്ടാണ് യേശുവിന്റെ സ്നേഹം. ദൈവത്തിന്റെ സ്നേഹം മുഴുൻ മാനവജാതിയേയും സ്നേഹിച്ച സ്നേഹമാണ്. ഈ പരിജ്ഞാനം ലഭിച്ച പൗലോസ് ഇപ്രകാരമാണ് പറയുന്നത്, ഇനിയും യഹൂദനെന്നോ, യവനനെന്നോ, അടിമ എന്നോ, സ്വതന്ത്രൻ എന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് (ഗാലത്യർ 3:28).

വ്യവസ്ഥാതീത സ്നേഹം ശത്രുവിനോടുള്ള സ്നേഹമാണ്. യേശുവിന്റെ സ്നേഹം നമ്മോട് കല്പിക്കുന്നത് അതാണ്. മനുഷീകമായി ഒരുക്കി നിർത്തിയിരിക്കുന്ന സ്നേഹത്തെ യേശു വെല്ലുവിളിക്കുകയാണ്. സ്നേഹത്തിന്റെ യഥാർത്ഥ അളവു എന്നു പറയുന്നത് നമ്മെ മുറിപ്പെടുത്തുന്നവരെ നമുക്ക് സ്നേഹിക്കാൻ കഴിയുക എന്നതാണ്. അതിന് ഉത്തമ ഉദാഹരണമാണ് യേശു തന്നെ ഉപദ്രവിക്കുകയും പീഡിപ്പിക്കുയും ചെയ്തവനോട് ക്ഷമിച്ചു എന്നുള്ളത്. യേശു ഇപ്രകാരം തന്റെ പിതാവിനോട് പറയുകയാണ് ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ.

യഥാർത്ഥ സ്നേഹത്തിന് അതിരുകയളോ വ്യവസ്ഥകളോ ഇല്ല. ഒരു മാതാവ് തന്റെ മകനേയോ, മകളേയോ സ്നേഹിക്കുന്നത് അവരുടെ ബുദ്ധിയുടേയോ, സൗന്ദര്യത്തിന്റെയോ ബലത്തിന്റെയോ, ധാർമ്മിക വിശുദ്ധിയുടേയോ അടിസ്ഥാനത്തിൽ അല്ല. മകൻ ലഹരി ഉപയോഗിക്കുന്നവൻ ആയാലും, മകൾക്ക് അത്ര സൗന്ദര്യം ഇല്ലങ്കിലും അവിടെയാണ് യഥാർത്ഥ സ്നേഹം വെളിപ്പെടേണ്ടത്. മാതാവിന് തന്റെ മക്കളോടുള്ള ബന്ധമാണ് സ്നേഹത്തിന്റെ അടിസ്ഥാനം മറിച്ച് മറ്റ് വ്യവസ്ഥകളല്ല, ഇതാണ് വ്യവസ്ഥാതീത സ്നേഹം.

അനീതിയും ആഗ്രഹവും നിറഞ്ഞ ഈ ലോകത്ത് യേശുവിന്റെ സവിശേഷതകളെ മുറുകെ പിടിച്ചുകൊണ്ട് മുൻപോട്ടു പോകുവാൻ ഓരോരുത്തരും ആഗ്രഹിക്കണം. അങ്ങനെ യേശുവിന്റെ സ്നേഹം കൊണ്ട് ലോകത്തിന്റെ വ്യവസ്ഥകളെ മാറ്റുവാൻ നമുക്ക് കഴിയും. യേശു ആഗ്രഹിക്കുന്നത് പോലെ ഈ ലോകത്തെ മാറ്റി എടുക്കുവാൻ നമുക്ക് കഴിയട്ടെ. സ്വർക്ഷത്തിലെ ഇഷ്ടം അതാണ് അത് ഭൂമിയിലും ആകട്ടെ. സ്നേഹത്തിന്റെ വിളക്കുകളായി കത്തിയമർന്ന് സ്നേഹത്തിന്റെ വെളിച്ചം ലോകത്തിൽ പരക്കട്ടെ.

# സഭ ഞായറാഴ്ചയിലേക്ക് ഒരു മടങ്ങി വരവ്

അമേരിക്ക: ആഗോള വ്യാപകമായി പെന്തെക്കോസ്ത് സഭകളിൽ ഞായറാഴ്ചകളിലെ പൊതു ആരാധനയിൽ വിശ്വാസികൾ പങ്കെടുക്കുന്നത് എണ്ണത്തിൽ കുറഞ്ഞ് വരികയാണ്. ഈ പശ്ചാത്തലത്തിൽ ''സഭ ഞായറാഴ്ചയിലേക്ക്'' മടങ്ങി വരിക എന്ന ആഹ്വാനവുമായി സെപ്തംബർ 19-ാം തീയതി നടത്തിയ പ്രത്യേക കൂടിവരിൽ 21500 സഭകളാണ് പങ്കെടുത്തത്. ഒപ്പം സഭകൾ തനിച്ചും ഈ കൂട്ടായ്മയിൽ പങ്കെടുത്തു. എന്നാൽ ഈ ആഹ്വാനത്തിൽ പങ്കെടുക്കാത്ത സഭകളും ഉണ്ട്.

ആരാധന വിരസമായിരുന്നവരിൽ, 31% പേർ സഭകളിലേക്ക് മടങ്ങിവരികയും 35% പേർ പുതുതായി സഭകളിലേക്ക് വരാൻ തീരുമാനം എടുക്കുകയും ചെയ്തതായാണ് ഇത് സംബന്ധിച്ച പത്രവാർത്തകൾ വന്നിരിക്കുന്നത്.

നാഷണൽ ബാക്ക് ടു ചർച്ച് സൺഡേ എന്ന ഈ സംരംഭത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13150




ചർച്ചുകളാണ് കൂടുതലായി പങ്കെടുത്തത്.

റ്റോം റെയ്നേഴ്സ് റിസേർച്ചിന്റെ പഠനമനുസരിച്ച് സഭാ ബിൽഡിംഗുകൾ ഇല്ലാത്ത വിശ്വാസികളും ഈ മൂവ്മെന്റിലൂടെ ചർച്ചുകളില്ലേക്ക് പോകാൻ തീരുമാനിച്ചു. പിയോ റിസേർച്ച് സെന്ററിന്റെ റിപ്പോർട്ട് അനുസരിച്ച് അമേരിക്കക്കാർ ആരാധനയ്ക്ക് ചർച്ചുകളിൽ പോകാൻ മടി ഉള്ളവരാണ്.

24% പേർ വ്യക്തിപരമായ കാരണം കൊണ്ടും 16% പേർ ജീവിത തിരക്കുകൾ കൊണ്ടും 24% പ്രായോഗിക ബുദ്ധിമുട്ടുകൾ കൊണ്ടും (ജോലി, ആരോഗ്യം, യാത്ര), 37% പേർ ആരാധനയോടുള്ള വിരക്തികൊണ്ടും പുരോഹിതന്മാരോടുള്ള അതൃപ്തികൊണ്ടും ആരാധനയ്ക്ക് ചർച്ചിൽ പോകാൻ മടിക്കുന്നവരാണ്. പിയോ റിസേർച്ചിന്റെ പഠനപ്രകാരം കഴിഞ്ഞ പത്തുകൊല്ലത്തിനകം 37% പേർ ആഴ്ചയിൽ ഒരിക്കലെങ്കിലും ചർച്ചിൽ പോകുവാൻ തുടങ്ങിയിരിക്കുന്നു എന്നാണ്. 29% പേർ വല്ലപ്പോഴും, ശേഷിക്കുന്നവർ തീർത്തും പോകാത്തവരുമാണ്.

മറ്റൊരു പഠനറിപ്പോർട്ടിൻ പ്രകാരം കുട്ടികളുടെ സ്പോർട്സ് കാരണമാണ് ചർച്ചുകളിൽ പോകാൻ ചിലർക്ക് സാധിക്കാത്തത്.

# അക്ഷരമറിയാത്തവർ



അക്ഷരമറിയാത്തയാളിന്റെ ദുഃഖം അന്ധന്റെ ദുഃഖമാണ്. അക്ഷരം തിരിച്ചറിയുക മാത്രമല്ല സാക്ഷരത. എഴുതിക്കാണുന്നതു വായിച്ചു മനസിലാക്കാനും ലളിതമായ ആശയങ്ങളെങ്കിലും എഴുതി ബോധ്യപ്പെടുത്താനും കഴിയുമെങ്കിലേ സാക്ഷരതയാകൂ. അക്ഷരമറിയാത്തയാൾക്ക് അക്ഷരത്തിന്റെ വഴി തുറന്നുകൊടുക്കാൻ കിട്ടുന്ന അവസരം പുണ്യമായിക്കരുതാം.

സാധാരണമായി നാമറിയുന്ന അർത്ഥത്തിലല്ലാതെയുമുണ്ട് സാക്ഷരത. വായിക്കാനറിയാത്ത എത്രയോ പേർ ജീവിതത്തിൽ വിജയങ്ങൾ കൈവരിച്ചിട്ടുണ്ട്. പക്ഷേ അതു കാരണം അക്ഷരമറിഞ്ഞില്ലെങ്കിലും കുഴപ്പമില്ലെന്നു നാം ചിന്തിച്ചുകൂടാ. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ മുഖ്യമന്ത്രിപദത്തിലും മറ്റുമെത്തിയതുകണ്ട്, എന്നാൽ ഞാൻ സ്കൂൾ പഠനത്തിനു സമയം ദുർവ്യയം ചെയ്യുന്നില്ലെന്ന തീരുമാനമെടുക്കുന്നതു ബുദ്ധിയല്ലല്ലോ. ചിലർ അങ്ങനെ വിജയിച്ചെങ്കിൽ വലിയ പരീക്ഷായോഗ്യതകൾ നേടിയവർക്കില്ലാത്ത ഇതര ഗുണങ്ങളോ അനുകൂല സാഹചര്യമോ അവരെ അനുഗ്രഹിച്ചിട്ടുണ്ടാകാം. അക്ഷരപരിജ്ഞാനമില്ലാതിരുന്ന രണ്ടു പേരുടെ ആവേശകരമായ വിജയകഥകൾ കേൾക്കുക.

2013 ജനുവരി 6ന് നൂറാം പിറന്നാളിനു മൂന്നു ദിവസം മുമ്പ് മരിച്ച ജിം ഹെന്റി എന്ന അമേരിക്കക്കാരൻ. കണെറ്റിക്കട്ടിലെ സ്റ്റോണിങ്ടൺ പട്ടണത്തിൽ മീൻപിടുത്തക്കാരനായി കഴിഞ്ഞ ജിം, 91 വയസ്സുവരെ തന്റെ നിരക്ഷരത കൗശലത്തോടെ മറച്ചു കഴിഞ്ഞുകൂടി. പഴയൊരു അടിമയുടെ ചെറുമകൻ 98-ാം വയസ്സിൽ അക്ഷരം പഠിച്ചെന്നു മാത്രമല്ല, 'ലൈഫ് ഈസ് സോ ഗുഡ്' എന്ന പുസ്തകം എഴുതുകയും ചെയ്തെന്നു കേട്ട് ആവേശഭരിതനായ ജിം വാർധക്യത്തിൽ അക്ഷരലോകത്തേക്കു പദമൂന്നി. സമർപ്പണ ബുദ്ധിയോടെ പഠിച്ച് 98-ാം വയസ്സിൽ ജീവിതാനുഭവങ്ങളുടെ രസകരമായ 29 കഥകളടങ്ങിയ 'ഇൻ എ ഫിഷർ മാൻസ് വേൾഡ്' എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തി. പുസ്തകത്തെ പലരും വാഴ്ത്തി. പ്രിസിഡന്റ് ഒബാമയുടെ അനുമോദനവും ലഭിച്ചു.

തമിഴ്നാട്ടിലെ കോടൈ പട്ടണത്തിലെ ശാന്താ രഘുനാഥന്റെ ജീവിതം മറ്റൊരു തരത്തിലാണ്. ആറു വയസ്സിൽ അച്ഛനമ്മമാർ നഷ്ടപ്പെട്ട ശാന്തയ്ക്ക് ഇരുപതുകളായപ്പോഴുണ്ടായിരുന്നതു ദരിദ്രനായ ഭർത്താവും രണ്ടു കുട്ടികളും. ചുറ്റുമുള്ളവർ ഭാവിയെപ്പറ്റി യാതൊന്നും ചിന്തിക്കാതെ തുച്ഛവരുമാനമുള്ള ജോലി ചെയ്യുകയും, കുട്ടികളെക്കൊണ്ട് അന്യായമായി പണിയെടുപ്പിച്ചു കൂലി വാങ്ങുകയും, കിട്ടുന്ന കാശിന്റെ വലിയ പങ്കും ചാരായം മോന്താൻ ചെലവിടുകയും ചെയ്യുന്നു. അതല്ല തനിക്കു പറ്റിയ വഴിയെന്നു സ്വയം തിരിച്ചറിഞ്ഞു. സ്വയം സഹായസംഘം ചേർന്നു ബാങ്കു വായ്പ്പയെടുത്തു സംഘാംഗങ്ങൾക്കു പശു വളർത്തിയും കൃഷി ചെയ്തും മറ്റും വരുമാനമുണ്ടാക്കമെന്ന സൂചന ചെറിയൊരു സർക്കാരുദ്യോഗസ്ഥ നൽകി. എതിർപ്പുകളെ നേരിട്ടു പരിചയക്കാരെക്കൂട്ടി സംഘമുണ്ടാക്കി മാന്യമായ രീതിയിൽ വരുമാനം കണ്ടെത്തി. ക്രമേണ ആടുവളർത്തലും ലൗഡ്സ്പീക്കർ സിസ്റ്റം കച്ചവടവും മറ്റും തുടങ്ങി. പതിനാലു വർഷത്തെ സ്ഥിരപരിശ്രമം വഴി മകളെ സ്കൂൾ ടീച്ചറും മകനെ ഇലക്ട്രിക്കൽ എൻജിനീയറുമാക്കാൻ അവർക്കു കഴിഞ്ഞു. അക്ഷരമറിയാത്ത ശാന്തയുടെ പ്രത്യുൽപന്നമതിത്വവും അസാധാരണവിജയവും ഏറെ ശ്രദ്ധനേടി.

എന്തുകൊണ്ടു നാം ഇക്കഥകൾ എടുത്തുപറയുന്നു? സാധാരണഗതിയിൽ നിരക്ഷരർക്ക് ഇത്തരം വിജയങ്ങൾ അസാധ്യമെന്നതു തന്നെ കാരണം. ജീവിതത്തിന് മാറ്റം വരുത്തുന്ന മഹായന്ത്രമാണ് വിദ്യാഭ്യാസമെങ്കിൽ അതിന്റെ ആദ്യാക്ഷരമാണു സാക്ഷരത. അക്ഷരമറിയാത്ത ആരും നമ്മുടെ ചുറ്റുമില്ലെന്ന് ഉറപ്പാക്കുന്നതു നമ്മുടെ കടമ.

# അന്ത്യ അത്താഴത്തിന് ഒരു പുനരാവിഷ്കരണം



ബ്രിട്ടൻ: ലിയോനാർഡോ ഡാവിൻസിയുടെ സുപ്രസിദ്ധമായ യേശുക്രിസ്തുവിന്റെ അന്ത്യത്താഴത്തിന്റെ പെയിന്റിംഗിന് 2013 ൽ ഒരു പുനരാവിഷ്കരണം. പ്രസിദ്ധ ബ്രിട്ടൻ ഫോട്ടോഗ്രാഫറായ അലിസൻ മൊറിസന്റെ നേതൃത്വത്തിലുള്ള ഒരു സംഘം ഫോട്ടോ ഗ്രാഫേഴ്സാണ് ഇതിനു പിന്നിൽ. യൂറോപ്യൻ രാജ്യങ്ങളിലെ സുപ്രസിദ്ധരായ ചില ഒന്നാം നിര നായക കഥാപാത്രങ്ങള അണിനിരത്തിയാണ് പുനരാവിഷ്കരണം ഒരുക്കിയിട്ടുള്ളത്.

ജീസസ് ഓഫ് നസ്രേറത്ത് എന്ന ചിത്രത്തിൽ റോബർട്ട് പാവലാണ് യേശുക്രിസ്തുവിന്റെ വേഷം ചെയ്യുന്നത്. മഗ്ദലക്കാരത്തി മറിയയായി ജൂലി വാൾട്ടറാണ് ചിത്രത്തിൽ വേഷമിടുന്നത്. പ്രസിദ്ധ ഡാവിൻസിയുടെ അന്ത്യാത്താഴ ചിത്രത്തിലെ കഥാപാത്രങ്ങളെല്ലാം സാങ്കല്പികമാണെങ്കിലും യേശു ക്രിസ്തുവിനോടും ശിഷ്യന്മാരോടും സാദൃശ്യം തോന്ന ത്തക്ക നിലയിലായിരുന്നു. എന്നാൽ മോറിസന്റെ പുനരാവിഷ്കരണ ചിത്രത്തിൽ തീർത്തും ആധുനിക മുഖച്ഛായയുള്ള കഥാ പാത്രങ്ങളാണ്.

# എല്ലാ സ്ഥാനാർഥികളെയും നിരസിക്കാൻ വോട്ടർക്ക് അവകാശം



ന്യൂഡൽഹി: മത്സരിക്കുന്ന എല്ലാ സ്ഥാനാർഥികളെയും നിരസിക്കാനുള്ള അവകാശം വോട്ടർക്കുണ്ടെന്നു സുപ്രീം കോടതി ഉത്തരവിട്ടു. ബാലറ്റിൽ പേരുള്ള ഒരു സ്ഥാനാർഥിക്കും വോട്ട് ഇല്ലെന്നു വ്യക്തമാക്കാനുള്ള നിഷേധവോട്ട് (നൺ ഓഫ് ദി ബൗ - എൻ.ഒ.ടി.എ) ബട്ടൺ ഏർപ്പെടുത്താനാണ് ചരിത്രപ്രധാനമായ വിധിയിലൂടെ ചീഫ് ജസ്റ്റിസ് പി. സദാശിവത്തിന്റെ നേതൃത്വത്തിൽ ജസ്റ്റിസുമാരായ രഞ്ജന ദേശായി, രഞ്ജൻ ഗൊഗോയ് എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചത്. വോട്ടിങ് യന്ത്രങ്ങളിൽ നിഷേധവോട്ട് ബട്ടനും ബാലറ്റ് കടലാസുകളിൽ പ്രത്യേക കോളവും തിരഞ്ഞെടുപ്പു കമ്മീഷൻ നടപ്പാക്കണം. വിശ്വാസ്യതയുള്ള മികച്ച സ്ഥാനാർത്ഥികളെ രംഗത്തിറക്കാൻ ഇതു വഴി രാഷ്ട്രീയ പാർട്ടികൾ നിർബന്ധിതരാകുമെന്നു സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

നിഷേധവോട്ട് അനുവദിക്കുക വഴി രാജ്യത്തെ വോട്ടർമാർക്കു പുതിയൊരു പ്രതിഷേധ മാർഗം കൂടി ലഭിക്കുകയാണ്. എന്നാൽ, ഇതു ഫലപ്രദമാകണമെങ്കിൽ, നിഷേധവോട്ട് തിരഞ്ഞെടുപ്പു ഫലത്തെ ബാധിക്കുന്ന വിധത്തിൽ ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ പാർലമെന്റ് തയ്യാറാകണം. അല്ലെങ്കിൽ ഒരു മണ്ഡലത്തിൽ നിഷേധ വോട്ട് എത്ര തന്നെയായാലും അവയ്ക്ക് അസാധു വോട്ടുകളുടെ വിലയേ ഉണ്ടാകൂ; സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ട് കിട്ടുന്നയാൾ ജയിക്കും. നിഷേധ വോട്ടിനു ഭൂരിപക്ഷം ലഭിക്കുന്നതെങ്കിൽ തിരഞ്ഞെടുപ്പു ഫലം എന്തായിരിക്കുമെന്ന കാര്യത്തിൽ ഇപ്പോൾ വ്യക്തതയില്ല.

നിഷേധ വോട്ട് കൊണ്ടുവന്നതിന്റെ പ്രചാരണം എത്രയും വേഗം തുടങ്ങാൻ തിരഞ്ഞെടുപ്പു കമ്മീഷനോട് സുപ്രീംകോടതി നിർദ്ദേശിച്ചു. ഇതിന് എല്ലാ സഹായവും നൽകാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

നിഷേധവോട്ട് സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു തിരഞ്ഞെടുപ്പു കമ്മീഷൻ 2001 ലും 2004 ലും അന്നത്തെ കേന്ദസർക്കാരുകൾക്ക് എഴുതിയതാണ്. 2001 ൽ എ. ബി. വാജ്പേയിയുടെ നേതൃത്വത്തിലെ ദേശീയ ജനാധിപത്യസഖ്യ (എൻ.ഡി.എ) സർക്കാരോ 2004 ലെ മൻമോഹൻ സിങ്ങിന്റെ ഐക്യപുരോഗമന സഖ്യ (യു.പി.എ) സർക്കാരോ അതിനു തയാറായില്ല. നിഷേധവോട്ടു വരുന്നതോടെ വോട്ടെടുപ്പിൽ കൂടുതൽ പേർ പങ്കെടുക്കും എന്നു സുപ്രീം കോടതി ചൂണ്ടിക്കാട്ടുന്നു. സ്ഥാനാർത്ഥികൾക്കും പാർട്ടികൾക്കുമെതിരായ അസംതൃപ്തി രേഖപ്പെടുത്താൻ വോട്ടർക്ക് അവസരം ലഭിക്കുമെന്നതാണു നിഷേധവോട്ടിന്റെ മറ്റൊരു മെച്ചം.

മത്സരഫലത്തെ ബാധിക്കുംവിധം നിഷേധവോട്ട് നടപ്പാകണമെങ്കിൽ, ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്യാൻ പാർലമെന്റ് തയ്യാറാവണം. മൊത്തം വോട്ടിന്റെ 50 ശതമാനത്തിൽ കൂടുതൽ കിട്ടുന്ന സ്ഥാനാർത്ഥിയെ മാത്രമേ ജയിച്ചതായി പ്രഖ്യാപിക്കാൻ പാടുള്ളൂ; ജയിച്ച വ്യക്തിക്കു കിട്ടിയതിനെക്കാൾ നിഷേധവോട്ട് വന്നാൽ പുതിയ വോട്ടെടുപ്പു നടത്തണം എന്നീ നിർദേശങ്ങളാണ് നിയമ കമ്മീഷൻ നൽകിയത്.

## കൃതികൾ ക്ഷണിക്കുന്നു



വായനക്കാരിൽ നിന്നും ലേഖനം, അനുഭവസാക്ഷ്യം, ചെറുകഥ, കവിത എന്നിവ ക്ഷണിക്കുന്നു. രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം, രചയിതാക്കളിൽ നിക്ഷിപ്തമാണ്.



# Take your QUESTIONS to Jesus



Shaju Easo, Chicago

Is this right or wrong? What is right – this or that? Is he wrong or right? What will people think or say if I do this or that? As human beings we struggle to get right answers for many questions in our mind. Below is some information to help you get the answers for your questions. I will also help you understand that Jesus answers to questions differently than people around us. Use the examples and explanation below as an invitation to begin your own conversation with Jesus.

Even though God created man in His own image and we human beings have knowledge of good and evil. Still our understanding and knowledge is nothing compare to God's knowledge and understanding. Scripture says "The fear of the Lord is the beginning of wisdom, and knowledge…." Proverbs 9:10. So if we really want to have good knowledge of what is right and what is wrong then we need to spend more time in reading & understanding the depth of scripture, spend more time in prayer and ask God for more wisdom and understanding.

When Jesus was in the world He answered many questions that people asked Him. The more I read the scripture and spend time with God and allow Him to lead my life the more I find myself answering the questions like Jesus does. Please do not just go with how others interpret the scripture but meditate in scripture and spend more time with God and you will find the answers to all your questions from Jesus. I always take my question to Jesus and He never disappointed me. Most of the time Jesus answers the questions with another question and the answer to Jesus's question is the answer to our original question. In most cases Jesus includes a brief explanation after answering the question with a question. Please see the examples below:

1. Matthew 15:1-11. Then some Pharisees and teachers of the law came to Jesus from Jerusalem and asked, "Why do your disciples break the tradition of the elders? They don't wash their hands before they eat!" Jesus replied, "And why do you break the command of God for the sake of your tradition? …….Jesus called the crowd to Him and said, "Listen and understand. What goes into someone's mouth does not defile them, but what comes out of their mouth that is what defiles them."

2. Matthew 26:6-10. While Jesus was in Bethany in the home of a man known as Simon the Leper, a woman came to Him with an alabaster jar of very expensive perfume, which she poured on His head as He was reclining at the table. When the disciples saw this, they were indignant. "Why this waste?" they asked. "This perfume could have been sold at a high price and the money given to the poor." Aware of this, Jesus said to them, "Why are you bothering this woman?" She has done a beautiful thing to me. The poor you will always have with you, but you will not always have me. When she poured this perfume on my body, she did it to prepare me for burial. Truly I tell you, wherever this gospel is preached throughout the world, what she has done will also be told, in memory of her."

3. Mark 4:38,40. Jesus was in the stern, sleeping on a cushion. The disciples woke Him and said to Him, "Teacher, don't you care if we drown?" ….He said to his disciples, "Why are you so afraid? Do you still have no faith?"

4. John 8:3-7. The teachers of the law and the Pharisees brought in a woman caught in adultery. They made her stand before the group and said to Jesus, "Teacher, this woman was caught in the act of adultery. In the Law Moses commanded us to stone such women. Now what do you say? …..When they kept on questioning Him, He straightened up and said to them, "Let any one of you who is without sin be the first to throw a stone at her."

Now go back and read the above 4 questions again and think what would be the answer from people around us. Dear brothers and sisters we should not care what people will say or think, because Jesus wants us to care for Him more than the world and always make right choices in our life. Worldly people will encourage us to follow worldly rules and not care for what Jesus actually wants from us. The world want us to choose the tradition over word of God.

So I urge you to read the scripture and live the life as Jesus wants us to live. God bless!!! ■

**The world want us to choose the tradition over word of God. So I urge you to read the scripture and live the life as Jesus wants us to live.**

THE SOUL WINNER
The Soul Winners India, P. O. Box 597232
Chicago.IL - 60659, USA
Phone: (+91) 479 2356706, 9981571723
Email: editor.swi@gmail.com
October 2013
Volume 1 Issue 4



# താഴ്മ ധരിക്കുക

**അഹങ്കാരം അനുസരണത്തെ അന്യമാക്കും. അനൈക്യതകളെ സൃഷ്ടിക്കുകയും വീഴ്ചക്ക് ഹേതുവാക്കുകയും ചെയ്യും. ആയതിനാൽ വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ ആനന്ദത്തോടെ നിർത്തുന്ന ദൈവത്തിൽ ശരണപ്പെടാം**



പാസ്റ്റർ ബോബൻ ക്ലീറ്റസ്

ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ഒരിക്കൽ ജോൺസ് , വില്യംസ് എന്നീ രണ്ട് അമേരിക്കൽ വിദ്യാർത്ഥികൾ പഠിക്കാനായി എത്തി. അവർ ധനികരായ മാതാപിതാക്കളുടെ മക്കൾ ആയിരുന്നതിനാൽ അവരുടെ വേഷത്തിലും സംസാരത്തിലും പ്രവർത്തിയിലും അഹങ്കാരം നിഴലിച്ചിരുന്നു. ഹോസ്റ്റൽ വാർഡനോടായി അവർ പറഞ്ഞു.- ഞങ്ങൾ ഇവിടെ താമസിച്ച് പഠിക്കാനഗ്രഹിക്കുന്നു. ഈ ഹോസ്റ്റലിലെ ഏറ്റവും നല്ല മുറി ഞങ്ങൾക്ക് നൽകണം വാർഡൻ അവരോട് പറഞ്ഞു. നിങ്ങൾ മഹത് പുരുഷനായ ഗാന്ധിജിയെ കുറിച്ച് കേട്ടിട്ടുണ്ടോ? അദ്ദേഹം ഇവിടെ പഠിച്ചിരുന്നകാലത്ത് താമസ്സിച്ചിരുന്നു മുറിയുണ്ട്. അത് നിങ്ങൾക്ക് തരാം അത് കെട്ട വിദ്യാർത്ഥികൾക്ക് സന്തോഷമായി. ഗാന്ധിജി താമസിച്ച മുറിയിൽ താമസിക്കുന്നത് അഭിമാനമായി തോന്നി. അവർ പറഞ്ഞു ഞങ്ങൾക്ക് ആ മുറി മതി. വാർഡൻ ആ മുറി അവർക്കായി തുറന്നുകൊടുത്തു. ആ മുറിയിൽ രണ്ട് കട്ടിലുകൾ ഉണ്ടായിരുന്നു. ഏത് കട്ടിലിലാണ് ഗാന്ധിജി കിടന്നു എന്നത് അവർക്ക് അജ്ഞാതമായിരുന്നു. ആയതിനാൽ രാത്രി 12 മണിവരെ ഓരോരുത്തരും ഓരോ കട്ടിലിൽ കിടന്നിട്ട് അതിനുശേഷം കട്ടിലുകൾ മാറി കിടക്കും. ഗാന്ധിജി കിടന്ന കട്ടിലിൽ കിടന്നു എന്ന് അഭിമാനിക്കണെമല്ലോ. ഈ കാര്യം ഒരിക്കൽ അവർ വാർഡനെ അഭിമാനത്തോടെ ധരിപ്പിച്ചു. അപ്പോൾ വാർഡൻ അവരോട് പറഞ്ഞത് ഗാന്ധിജി ആ കട്ടിലുകളിൽ രണ്ടിലും കിടന്നിരുന്നില്ല അദ്ദേഹം നിലത്തായിരുന്നു കിടന്നത്. ഇതുകേട്ടപ്പോൾ ഗാന്ധിജിയുടെ ലളിതജീവതത്തിന്റെയും താഴ്മയുടേയും മുന്നിൽ അവരുടെ തല താഴ്ന്നു. മഹാന്മാരുടെ വലിയവരാക്കിയ ഘടകം അവരുടെ താഴ്മയോടുള്ള ലളിതജീവിതമായിരുന്നു. യേശുക്രിസ്തുവിന്റെ ഉപദേശം നിങ്ങളിൽ വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനുമായിരിക്കണം (മർക്കോസ് 10:43 -44) എന്നാണ്.

യഹൂദ്യമരുഭൂമിയിലും മലനാടുകളിലും മുഴങ്ങികേ പ്രവാചക ശബ്ദം തെറ്റുചെയ്തവൻ ആരായിരുന്നാലും മുഖപക്ഷം കാണിക്കാതെ മുഖത്തുനോട്ടി വിളിച്ചുപറയാൻ മടികാണിക്കാത്ത യോഹന്നാൻ സ്നാപകനോട് ജനങ്ങൾ ചോദിച്ചു. ഞങ്ങൾ എന്തു ചെയ്യേണ്ടു? ആത്മീക മണ്ഡലത്തെ അനുതാപത്തിന്റെ അഗ്നിപ്രളയമാക്കി മാറ്റിയ ആ മഹാൻ ആരെന്നറിയുവാൻ ജനം കൊതിച്ചു. നീ ഏലിയാവ് ആണോ? നീ ക്രിസ്തുവോ? ആ പ്രവാചകനോ? നിലവിലുള്ളതിന്റെ ഇരട്ടി ബഹുമാനം ലഭിക്കുവാൻ ഈ പേരിലെതങ്കിലും പറഞ്ഞാൽ മതി. വകതിരിവില്ലാത്ത വിശ്വാസിയുടെ മുന്നിൽ വളഞ്ഞവഴിയിൽ പ്രശ്സതനാകാൻ ലഭിച്ച അവസരം യോഹന്നാൻ നിരസിച്ചിട്ട് ഇപ്രകാരം പറഞ്ഞു. ഞാനിവർ ആരുമല്ല ഒരു ശബ്ദമത്രേ ജീവിതത്തിന്റെ നാൾവഴികളിലെല്ലാം അവൻ കുറഞ്ഞുകൊടുത്തു. ക്രിസ്തു വളർന്നു. പേരിനും പ്രശസ്തിക്കും വേണ്ടികടിപിടിക്കൂടുന്ന ഈ കാലഘട്ടത്തിന്റെ മഹാൻമാർ ഇത് ഗ്രഹിച്ചിരുന്നെങ്കിൽ.

തന്നിലുള്ള കഴിവിന്റെ ആത്മവിശ്വാസം നല്ലതാണ്. അത് അമിതമായ ആത്മപ്രശംസയായാൽ ആപത്താണ്. എല്ലാവരും എങ്കൽ ഇടറും എന്ന ഗുരുവിന്റെ വാക്യം ആണ് എല്ലാവര◌ു◌ം ഇടറിയാലും ഞാൻ ഇടറുകയില്ല എന്ന് പത്രോസ് പ്രതിവചിച്ചു.അവൻ തന്നെ കർത്താവിനെ മൂന്ന് പ്രാവിശ്യം തള്ളി പറഞ്ഞു. കർത്താവ് അവന്റെ ഉള്ള അവസ്ഥ വെളിപ്പെടുത്തി. നീ കാറ്റത്തുപറക്കുന്ന പതിർപോലെയാണ്. പിശാച് നിന്നെ പാറ്റികളയുവാൻ ശ്രമിക്കുന്നു. എന്ന് പറഞ്ഞു. ദൈവകൃപ മാറിയാൽ പത്രോസ് വെറും പതിർ പോലെയും ദൈവകൃപ നഷ്ടപ്പെട്ടാൽ മോശ വിക്കനും തടിച്ച നാവുള്ളവനും ആണ്. ദാവീദിൽ നിന്ന് ദൈവകൃപ മാറിയാൽ വെറും ഒരു ആട്ടിടയൻ മാത്രം. ഏലീശായിൽ നിന്ന് ദൈവകൃപമാറിയാൽ വെറും ഒരു കർഷകൻ ദൈവകധപയുടെ മഹത്വമറിയാവുന്ന പൗലോസ് പറയുന്നു. ഞാനാകുന്നത് ദൈവകൃയാൽ ആകുന്നു. നാം അനുഭവിക്കുന്ന നന്മയും, പദവിയും നമ്മുടെ കഴിവും ദൈവകൃപയാൽ ആകുന്ന◌ു എന്ന ചിന്ത നമ്മിൽ നിന്ന് അന്യമാകുന്നത് നമ്മിൽ അഹങ്കാര ചിന്ത നിഴലിടുമ്പോൾ ആണ്.

തന്റെ കാലുകൾ ഏറ്റവും ചെറുതാണല്ലോ എന്ന് ഓർത്ത് സങ്കടപ്പെട്ടിരുന്ന കടലാമ പറക്കുന്ന ഒരു കഴുകനെ കണ്ടു ആമ പറഞ്ഞു- നിങ്ങൾ ഭാഗ്യമുള്ളവരാണ്, നിങ്ങൾക്ക് സ്വാതന്ത്യത്തോടെ പറക്കാൻ ചിറകുകൾ ഉണ്ടല്ലോ. എനിക്ക് ഉയരത്തിൽ ഒന്നു സഞ്ചരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ , താല്പര്യമെങ്കിൽ ഞാൻ നിന്നെ എടുത്തുകൊണ്ട് പോകാം കഴുകൻ തന്റെ കാലുകളിലെ നഖം കൊണ്ട് ആമയെ മുറുക്കിപിടിച്ചു പറന്നുയർന്നു. ഉയരങ്ങൾ താണ്ടും തോറും ആമ ആനന്ദത്തിൽ ആണ്ടുകൊണ്ടിരുന്നു. കുറേകഴിഞ്ഞപ്പോൾ ആമ തന്റെ കുഞ്ഞുകാലുകൾ പുറത്തേക്കിട്ട് തുഴയാൻ തുടങ്ങി നീ എന്താണ് ഈ ചെയ്യുന്നതെന്ന് കഴുകൻ ചോദിച്ചു. ഞാൻ ഉയരങ്ങളിലൂടെ പറക്കുകയാണ് ആമ പറഞ്ഞു. നീയല്ല ഞാനാണ് പറക്കുന്നത് എന്ന് കഴുകൻ പറഞ്ഞപ്പോൾ എന്നെ വിട്ടേക്കു നിന്റെ സഹായം എനിക്ക് വേണ്ട ഉടനെ കഴുകൻ തന്റെ പിടി അയച്ചു.... പിന്നെ സംഭവിച്ചത് വർണ്ണക്കേണ്ടതില്ല. അമിതമായ ആത്മപ്രശംസ ദൈവത്തിന്റെ കരുതലിനേയും ദൈവം ഒരുക്കുന്ന മുഖാന്തരത്തേയും ദൈവത്തിന്റെ കൃപയേയും മറക്കുമാറാക്കും. അഹങ്കാരം അനുസരണത്തെ അന്യമാക്കും. അനൈക്യതകളെ സൃഷ്ടിക്കുകയും വീഴ്ച്ക്ക് ഹേതുവാക്കുകയും ചെയ്യും. ആയതിനാൽ വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ ആനന്ദത്തോടെ നിർത്തുന്ന ദൈവത്തിൽ ശരണപ്പെടാം. ■

